
ശ്രീപാർവ്വതിയുടെ പാദം
കഥ -തിരക്കഥ
ഇ. ഹരികുമാർ




ദൂരദർശൻ തിരുവനന്തപുരം അവതരിപ്പിക്കുന്ന
ശ്രീപാർവ്വതിയുടെ പാദം
എന്ന ടെലിഫിലിമിന്റെ തിരക്കഥ

Sreeparvathiyude Paadam - telescript
**ശ്രീപാർവ്വതിയുടെ പാദം  തിരക്കഥ**
Unauthorised use of this script or part thereof is prohibited
Copyright © 2013 reserved

*cover design based on a still taken*
*during shooting of Sreeparvathiyude Paadam*


ശ്രീപാർവ്വതിയുടെ പാദം
ടെലിഫിലിം
കഥ, തിരക്കഥ
ഇ. ഹരികുമാർ
സംവിധാനം
ബൈജു ചന്ദ്രൻ
അഭിനേതാക്കൾ
അഞ്ജന ഹരിദാസ്
സോന നായർ
വത്സല മേനോൻ
ബേബി സാവിത്രി
എം.ജി. ശശി
പ്രിയൻ

## കഥാപാത്രങ്ങൾ

1. മാധവി – 34 വയസ്സ്, പ്രസാദാത്മകമായ പെരുമാറ്റം, ചിലപ്പോൾ സ്വപ്നലോകത്തിലേയ്ക്ക് പോകുന്നു.
2. രവി – 40 വയസ്സ്, മാധവിയുടെ സ്നേഹമുള്ള ഭർത്താവ്.
3. ശാരദ – 38 വയസ്സ് – മാധവിയുടെ വല്യമ്മയുടെ (ഭാർഗ്ഗവിയമ്മ) മകൾ. നല്ലൊരു വീട്ടമ്മ, നാട്ടിൻപുറത്തുകാരി.
4. രാമേട്ടൻ – 48 വയസ്സ് – ശാരദയുടെ കർഷകനായ ഭർത്താവ് ഒരു തമാശക്കാരനും സ്നേഹമുള്ളവനുമാണ്.
5. സുപ്രിയ – 10 വയസ്സ് – ശാരദയുടെ മകൾ, ഒരു നിഷ്കളങ്കയായ പെൺകുട്ടി, ഗ്രാമാന്തരീക്ഷത്തിൽ വളർന്നതാണ്.
6. പാറുകുട്ടി – ഏകദേശം 60 വയസ്സ് – തറവാട്ടിൽ ആദ്യം മുതലേ ഒരു അടുക്കള സഹായിയായി പ്രവർത്തിയ്ക്കുന്നു. മാധവിയുടെയും ശാരദയുടെയും കുട്ടിക്കാലംതൊട്ട് അവരവിടെയുണ്ട്.
7. മുത്തശ്ശി – ഏകദേശം 60–65 വയസ്സ് (മാധവിയുടെ കുട്ടിക്കാലത്ത്) – അവർ ഫ്ളാഷ്ബാക്കിൽ മാത്രം പ്രത്യക്ഷപ്പെടുന്നു. ഒരു വലിയ മനസ്സ്, പ്രകൃതിയോടുള്ള സ്നേഹം, പേരക്കുട്ടികളോടുള്ള വാത്സല്യം, ജോലിക്കാരോടുള്ള കൃപ – എല്ലാം അവരെ ഒരു മഹതിയാക്കുന്നു.
8. മാധവൻ നായർ – 40 വയസ്സ് (ഫ്ളാഷ്ബാക്കിൽ പ്രത്യക്ഷപ്പെടുമ്പോൾ) – മാധവിയുടെ അച്ഛൻ. ഇപ്പോൾ തൃശ്ശൂരിലാണ്.
9. സുഭദ്ര – 32 വയസ്സ് (ഫ്ളാഷ്ബാക്കിൽ പ്രത്യക്ഷപ്പെടുമ്പോൾ) – മാധവിയുടെ അമ്മ.
10. രണ്ടു ജോലിക്കാർ (ഫ്ളാഷ്ബാക്കിൽ) – അവർ മരം വെട്ടുകാരാണ്.



# ശ്രീപാർവ്വതിയുടെ പാദം

എറണാകുളത്ത് ഒരിടത്തരം വീട്. (ഫ്ളാറ്റ് വേണമെന്ന് നിർബ്ബന്ധമില്ല).

**സീൻ 1.**

കുട്ടികളുടെ മുറി. രണ്ടു കട്ടിലുകൾ ഇരുവശത്തുമായി ചുമരരികെ ഇട്ടിരിക്കുന്നു. ചുമരിൽ കുട്ടികളുടെ കുറച്ച് വലുതാക്കി ഫ്രെയിം ചെയ്ത ഫോട്ടോ മാത്രം. അത് ഒന്നോ രണ്ടോ കൊല്ലം മുമ്പ് എടുത്ത ഫോട്ടോവാണ്. കുട്ടികൾ കളിക്കുകയാണ്. സംഭാഷണം വേണമെന്നില്ല, പശ്ചാത്തല സംഗീതം മാത്രം. കളി സ്വാഭാവികമായും കലഹത്തിലെത്തുന്നു. ഇളയവൻ അമ്മയെ വിളിക്കുന്നു. മൂത്തവൻ ഒന്നും അറിയാത്ത പോലെ വായിക്കുകയാണെന്ന് അഭിനയിക്കുന്നു. അമ്മ വരുന്നു. ഇത്രമാത്രം. ഇത് ഒരു മിനുറ്റു മതിയാവും. അവസാന രംഗം, അതായത് അമ്മ വാതിൽ കടന്ന് വരുന്നതും, ഇളയ മകൻ ചേട്ടനെ ചൂണ്ടിക്കാട്ടുന്നതും, മൂത്ത മകൻ ഒന്നുമറിയാത്ത മട്ടിൽ പുസ്തകം വായിക്കുന്നതും ഫ്രീസ് ചെയ്ത് സ്കെച്ചി ഫോമിലാക്കി ട്രാൻസ്ഫോം ചെയ്യണം. (graphic pen or similar).

ഈ ചിത്രം പശ്ചാത്തലമാക്കി ടൈടിൽസ് തുടങ്ങാം.

**സീൻ 2.**

എ.

സ്ക്രീൻ തെളിയുമ്പോൾ കാണുന്നത് ഒരു കിടപ്പു മുറിയാണ്. മുറിയിൽ വെളിച്ചമുണ്ട്. കിടക്കയിൽ രവി ക്യാമറയുടെ വശം ചെരിഞ്ഞ് കിടക്കുന്നു. ഉറക്കത്തിന്റെ തുടക്കമാണ്. മയക്കം.

ബി.

ക്യാമറ പാൻ ചെയ്യുമ്പോൾ കാണുന്നത് ജനലിനരുകിൽ പുറത്തേയ്ക്കു നോക്കി നിൽക്കുന്ന മാധവിയെയാണ്. അതോടെ മഴയുടെ ശബ്ദം മുന്നിലേയ്ക്ക് വരുന്നു. അത് ക്രമേണ വർദ്ധിച്ച് ഉച്ചത്തിലാവുന്നു.

സി.
ജനലിലൂടെ പുറത്ത് സ്ട്രീറ്റ്ലൈറ്റിന്റെ വെളിച്ചത്തിൽ മഴ ചാഞ്ഞുവീഴുന്നതു കാണാം. മാധവിയുടെ സൈഡ് വ്യൂ. ഒരു മിന്നൽ തുടർന്ന് ഇടിവെട്ടിന്റെ ശബ്ദം. അവൾ പെട്ടെന്ന് തിരിഞ്ഞ് ഭർത്താവ് കിടക്കുന്നത് നോക്കുന്നു.
ഡി.
രവി ഉറങ്ങുന്നതിന്റെ ദൂരക്കാഴ്ച.

ഇ.
മാധവി സാവധാനത്തിൽ നടന്നുവന്ന് അയാൾക്കരികെ കിടക്കുന്നു. രവി ഉറക്കംതന്നെയാണ്. ഒരു നിമിഷം തലയ്ക്കൽ ഭാഗത്തുള്ള സ്വിച്ച് ഓഫാക്കാൻ കൈയ്യോന്തുന്നു. തീരുമാനം മാറ്റി കുറച്ചുനേരം ഭർത്താവിനെ നോക്കിനിന്ന ശേഷം വിളിക്കുന്നു.
മാധവി: നോക്കു നിങ്ങളുറങ്ങ്യോ?
രവി (ഞെട്ടിയുണരുന്നു): ഇല്ല്യാ. എന്തേ?
മാധവി: ഒന്നുംല്ല്യ. ഞാനീ ശനിയാഴ്ച കോട്ടപ്പടിക്കു പോട്ടെ?
രവി എഴുന്നേറ്റ് തലയിണ കട്ടിലിന്റെ തലയ്ക്കൽ വെച്ച് ചാരിയിരിക്കുന്നു.
രവി: എന്താ പറഞ്ഞത്?
മാധവി: ഞാൻ കോട്ടപ്പടിക്കു പോട്ടെ, ഈ ശനിയാഴ്ച?
രവി: നീ കടുപ്പാ ചെയ്യണത്.
മാധവി: എന്തേ?
രവി: എന്നെ വിളിച്ചുണർത്തിയതന്നെ.
മാധവി: (വ്യസനത്തോടെ) സോറി, കിടന്നോളു. ഞാനാലോചിച്ചില്ല, ഈ മഴേം തണുപ്പുംള്ളപ്പൊ നല്ല സുഖത്തില് ഉറങ്ങ്വാവുംന്ന്. കിടന്നോളു.
രവി: (കിടന്ന് അവളെ കെട്ടിപ്പിടിക്കുന്നു.) സാരല്യ. നീ പൊയ്ക്കോ. പക്ഷെ ഇപ്പ അതിന് മാത്രം എന്ത് പ്രകോപനാണ്ടായേ്യ.
മാധവി: ഒന്നുംല്ല്യ.
രവി: എനിക്കറിയാം കോട്ടപ്പടിയ്ക്ക് പോവ്വാന്നത് നിന്റെ തീർത്ഥാടനാണ്ന്ന്. ആത്മാവിന്റെ വിള്യാണ്. സാധാരണ നീ എന്തെങ്കിലും ആലോചിച്ചോണ്ട് ശ്രദ്ധല്ല്യാതെ നടക്കുമ്പഴൊക്കെ ഞാൻ പറയാറില്ലെ, മാധവി നിന്റെ തീർത്ഥാടനത്തിന്ള്ള സമയായിരിക്കുണുന്ന്. ഇപ്പൊ അങ്ങന്യൊന്നുംണ്ടായിട്ടില്ല. ഒരു കുപ്പിഗ്ലാസ്സുപോലും



നിന്റെ കയ്യിൽന്ന് വീണ് പൊട്ടീട്ടില്ല്യ. അപ്പൊ പിന്നെ?.........

മാധവി: (ജനലിലൂടെ പുറത്തേയ്ക്ക് നോക്കുകയാണ്. ജനലിനു പുറത്തെ ഷോട്ട്. മഴ ചാഞ്ഞുപെയ്യുന്നതിന്റെ ദൃശ്യം. മാധവിയുടെ മുഖം ക്ലോസപ്പ് കാണുന്നു.) ഈ മഴ കൊറച്ച് നേരം നോക്കിനിന്നപ്പ കോട്ടപ്പടീലെ തൊടിയൊക്കെ ഓർമ്മ വന്നു.

രവി: അതായിരിക്കും......... ഇപ്രാവശ്യം മഴ നേർത്തെ തൊടങ്ങീട്ട്ണ്ടല്ലൊ. ഇന്ന് മെയ് ഇരുപത്തൊന്നാന്തി ആയിട്ടല്ലെ ഉള്ളു.

മാധവി: ഈ മഴ എല്ലാ കൊല്ലും പതിവ്ണ്ട്. രണ്ടീസം പെയ്ത് പോവും. പിന്നെ ജൂൺ ഒന്നാന്തി കഴിഞ്ഞിട്ടേ ണ്ടാവാറുള്ളു.

രവി: തറവാട്ടില് പോണംന്ന്ണ്ടെങ്കില് പൊയ്ക്കോളു, ഈ ശന്യാഴ്ച്യന്നെ.

മാധവി: നിങ്ങക്ക് ബുദ്ധിമുട്ടാവില്ലെ?

രവി: എന്തു ബുദ്ധിമുട്ട്. ഒന്നോ രണ്ടോ ദിവസത്തേയ്ക്കല്ലെ? രാവിലെ തങ്കം ചായേം പലഹാരും ണ്ടാക്കും. പിന്നെ ചോറും കൂട്ടാനുംണ്ടാക്കിവെച്ച് പോവും. മറ്റു കാര്യങ്ങളൊക്കെ ഞാനും കുട്ട്യോളും കൂടി നോക്കാം. അതൊന്നും ഒരു ബുദ്ധിമുട്ടല്ല.

മാധവിയുടെ മുഖത്ത് ആശ്വാസം. സ്നേഹത്തോടെ രവിയുടെ അരക്കെട്ടിൽ കൈ വെയ്ക്കുന്നു. രവി അവളെ അടുപ്പിയ്ക്കുന്നു.

**സീൻ 3.**

എ.

നാട്ടിൻപുറത്ത് ബസ്സ് സ്റ്റോപ്പിലെ ദൃശ്യം. ക്ഷമയോടെ ബസ്സ് കാത്തു നിൽക്കുന്നവർ. മഴ ചാറാൻ തുടങ്ങുന്നു. ആൾക്കാർ ഷെൽട്ടറിനു താഴേയ്ക്ക് കയറി നിൽക്കുന്നു.

ബി.

ദൂരെനിന്ന് ഇരമ്പിവരുന്ന ബസ്സ്. ഷെൽട്ടറിലെ ആൾക്കാർ പുറത്തു കടന്നു നിൽക്കുന്നു. ബസ്സിൽനിന്ന് ആൾക്കാർ ഇറങ്ങുന്നതിന്റെ ബഹളം, ശാപവചനങ്ങൾ. ആകെ ഒരു സ്ത്രീ മാത്രമാണ് ബസ്സിൽനിന്ന് ഇറങ്ങുന്നത്. പടികൾ ഇറങ്ങുമ്പോൾ കയറിപ്പോകുന്ന സാരിയുണ്ടാക്കുന്ന നഗ്നതയിൽ അവളുടെ കാലിലെ പാദസരങ്ങൾ കാണുന്നു. ഇറങ്ങിയ ശേഷം മാധവി ചുറ്റും നോക്കുന്നു. മഴച്ചാറലുണ്ട്. ഒരു നിമിഷം അവൾ കുട തുറക്കണോ എന്നാലോചിക്കുന്നു, പിന്നെ വേണ്ടെന്നു തീർച്ചയാക്കി നടക്കാൻ തുടങ്ങുന്നു. ഇടവഴിയിലേയ്ക്കു തിരിഞ്ഞപ്പോൾ മണ്ണിന്റെ നടപ്പാതയാണ്. ഇരുവശത്തും പുല്ലുകൾ വളർന്ന നടപ്പാത. അവൾ ചെരുപ്പിൽനിന്ന് കാലെടുത്ത് നനഞ്ഞ മണ്ണിൽ വെയ്ക്കുന്നു. അതവൾക്ക് ഉൾപുളകമുണ്ടാക്കുന്നുണ്ടെന്ന് മുഖഭാവത്തിൽ കാണുന്നു. അവൾ രണ്ടു ചെരിപ്പുമെടുത്ത് കയ്യിൽ പിടിയ്ക്കുന്നു. ഇടവഴിയുടെ ഇരുവശത്തുമായി പലതരം മരങ്ങൾ, മുളം കാടുകൾ. മുളം കാടുകളിൽ പക്ഷികൾ, പൂത്ത മാവിന്റെ അടുത്തെത്തിയപ്പോൾ അവൾ മാമ്പൂവിന്റെ മണം ആസ്വദിക്കാനെന്നപോലെ മൂക്കു വിടർത്തുന്നു.

**സീൻ 4.**

ഒരു പടിപ്പുരയുടെ മുമ്പിൽ അവൾ നിൽക്കുന്നു. പടിപ്പുരയുടെ അറ്റക്കടായ കടന്ന് മുറ്റത്തെ പിച്ചകത്തറവരെ ഒരു നടപ്പാതയാണ്. ഇരുവശത്തും പൂച്ചെടികൾ വെച്ചുപിടിപ്പിച്ച ആ നടപ്പാതയിലൂടെ അവൾ ഒരു ധൃതിയുമില്ലാതെ നടക്കുകയാണ്. എത്തുന്നത് മുറ്റത്തിനു നടുവിലുള്ള പിച്ചകത്തറയുടെ അടുത്താണ്.

**സീൻ 5.**

എ.

മാധവി പിച്ചകത്തറയ്ക്കരികെ നിന്ന് പിച്ചകത്തെ നോക്കുന്നു. അവിടവിടെ പൂക്കളുള്ളതിൽ ഒരെണ്ണം അറുത്തെടുത്ത് വാസനിയ്ക്കുന്നു. വർഷങ്ങൾ പിറകോട്ടു പോകുന്ന പ്രതീതി അവളുടെ മുഖത്തു കാണുന്നു.

ബി.

ക്യാമറ പാൻ ചെയ്യുമ്പോൾ കാണുന്നത് ഒരു വലിയ മുറ്റമാണ്. കൃഷിക്കാരന്റെ വീടാണെന്ന് മനസ്സിലാവണം. ഒന്നോ രണ്ടോ വൈക്കോൽക്കുണ്ട, അതിനുമപ്പുറത്ത് സാമാന്യം ഭേതപ്പെട്ട തൊഴുത്ത്. അതിനു മുമ്പിലൂടെ ശാരദ വരുന്നു. മാധവിയെ നോക്കിക്കൊണ്ടാണ് വരവ്. പെട്ടെന്ന് ആളെ മനസ്സിലാവുന്ന ആഹ്ലാദം മുഖത്ത്.

ശാരദ ഉമ്മറ വാതിലിനുള്ളിലേയ്ക്ക് നോക്കി വിളിക്കുന്നു.

ശാരദ: നോക്കു രാമേട്ടാ ഇതാരാ വന്നിരിക്കണത്ന്ന്? (തിരിഞ്ഞ് മാധവിയോട്) നീയെന്താ പെട്ടെന്നിങ്ങനെ വന്നത്? വിശേഷൊന്നുംല്ല്യല്ലൊ?

മാധവി മറുപടി പറയാതെ ചുറ്റും നോക്കി ആസ്വദിക്കുകയാണ്.

സി.
രാമേട്ടൻ പുറത്തേയ്ക്കു വരുന്നു. മുണ്ടും തോളത്തിട്ട സാധാരണ തോർത്തുമുണ്ടും വേഷം. ഒരു നാട്ടിൻപുറത്തുകാരൻ, പക്ഷെ കാര്യഗൗരവമുള്ള ആൾ, ഒപ്പംതന്നെ തമാശക്കാരനും.
രാമേട്ടൻ: ആര് മാധവിയോ? എന്താ പെണ്ണെ രവി നെന്നെ പിടിച്ച് പുറത്താക്ക്യോ?
അയാളുടെ മുഖത്ത് ചിരിയും കുസൃതിയും വാത്സല്യവുമുണ്ട്.
ശാരദ: മാധവിയെ അത്ര എളുപ്പൊന്നും രവിയേട്ടൻ പുറത്താക്കില്ല.

ഡി.
മാധവി പിച്ചകത്തറയ്ക്കു സമീപം നിൽക്കുകതന്നെയാണ്. കണ്ണുകൾ പിച്ചകത്തിന്റെ മേൽ.
മാധവി: (തിരിഞ്ഞ് ശാരദയോട്) ഈ മുത്തശ്ശിപിച്ചകം ഇപ്പോഴും പൂക്ക്ണ്ണ്ട്. അല്ലെ?
ശാരദ: ഉം. മഴ പെയ്തില്ല്യേ. ഇനി അത്മ്മല് തുരുതുരാ പൂക്കളാവും.
മാധവി ചുറ്റും നോക്കുകയാണ്. എല്ലാം പെട്ടെന്ന് ഉൾക്കൊള്ളാനുള്ള ആവേശത്തോടെ.



ഇ.
മുറ്റത്തിന്റെ അരുകിലായി ഒരു വരി പെഗോഡ ചെടികൾ (ചിലയിടത്ത് കൃഷ്ണകിരീടമെന്നും പറയും) നിൽക്കുന്നു. അതിനുമപ്പുറത്ത് മരങ്ങൾ നിറഞ്ഞ പറമ്പാണ്.
മാധവി: നോക്കൂ, ഈ പെഗോഡച്ചെടികള് കണ്ടാൽ തോന്നും അവരൊക്കെ സ്വയംവരത്തിന് അണിഞ്ഞൊരുങ്ങിവന്ന കിരീടം വെച്ച് രാജാക്കന്മാരാണെന്ന്, അല്ലെ ശാരദേച്ചി?
എഫ്.
ഈ രൂപസാദൃശ്യം ശാരദയിൽ വലിയ മാറ്റമൊന്നും ഉണ്ടാക്കുന്നില്ല. പക്ഷെ രാമേട്ടൻ പൊട്ടിച്ചിരിക്കുന്നു.
രാമേട്ടൻ: ആ, രാജകുമാരി വന്നില്ല്യെ, ഇനി ആര്യാ വേണ്ടതാച്ചാൽ വരിച്ചോളു.
ശാരദ: (ഭാവഭേദമൊന്നും ഉണ്ടാവുന്നില്ല) നീയിങ്ങോട്ട് കേറിയിരിക്ക്?'
രാമേട്ടൻ: അവളടെ ഒരു നിൽപ് കണ്ടില്ലെ? ഒരു കയ്യില് ചെരുപ്പും മറ്റേ കയ്യില് ഒരു സഞ്ചീം. അവള് മുറ്റത്തന്നെ താമസിക്കാൻ പോവ്വാ. അവള് പോണവരെ നമുക്ക് മുറ്റത്തൊരു ഓലഷെഡ്ഡ്ണ്ടാക്കി കൊടുക്കാം.
മാധവി: (ചിരിച്ചുകൊണ്ട്) ശരി, ഈ മുറ്റത്തന്നെ മതി, പിച്ചകത്തറേടെ അട്ത്ത്.
പെട്ടെന്ന് മാധവി മൂക്കു വിടർത്തി എന്തോ വാസന ആസ്വദിക്കുന്നു.
മാധവി: പിട്ട്! (വേഗം ഉമ്മറത്തേയ്ക്കു നടക്കുന്നു.)

**സീൻ 6.**

എ.

ഉമ്മറം സാമാന്യം വലുതാണ്. ഒരു വശത്ത് സിമന്റു തേച്ച വീതിയുള്ള ഇരുത്തിയുണ്ട്. അകത്തേയ്ക്കുള്ള പ്രധാനവാതിലിനു മുകളിൽ ഒരു മുത്തശ്ശിയുടെ ചിത്രം. അതിന്റെ ചില ഭാഗങ്ങൾ ഇർപ്പം വന്ന് അവ്യക്തമായിരിക്കുന്നു. ഉമ്മറവാതിൽ കടന്നു വരുന്ന സുപ്രിയ മാധവിയെ കണ്ട് സന്തോഷവും അദ്ഭുതവും കാണിക്കുന്നു. അവൾക്ക് ഏകദേശം ഒമ്പതോ പത്തോ വയസ്സു പ്രായമായിട്ടുണ്ട്. ഫ്രോക്കാണ് വേഷം. കൊച്ചുസുന്ദരിയാണ്.

സുപ്രിയ: ചെറ്യമ്മ എപ്പൊ വന്നു?

ബി.

ചെരിപ്പ് ഒതുക്കുകല്ലിൽ വെച്ച് മാധവി മുഖമുയർത്തുന്നു.

മാധവി: സുപ്രിയ മോൾ!

മാധവി സുപ്രിയയെ താലോലിക്കുന്നു.

സി.

തളത്തിൽ നിന്ന് മുകളിലേയ്ക്ക് കോണിയുണ്ട്. വേറെ രണ്ടു വാതിലുകൾ – ഒന്ന് അകത്തേയ്ക്കാണ്, മറ്റേത് ഊൺമുറിയിലേയ്ക്കും. ഇരുവശത്തുമുള്ള രണ്ടു ജനലുകൾ മുറിയെ പ്രകാശമയമാക്കുന്നുണ്ട്. തളത്തിലൂടെ അടുക്കളയിലേയ്ക്കുള്ള യാത്ര. മുമ്പിൽ മാധവി, ഒരു ഭാഗത്ത് സുപ്രിയ, താഴെ കാലിലുരുമ്മിക്കൊണ്ട് രണ്ടു പൂച്ചകൾ, പിന്നിൽ ശാരദയും, അതിനും പിന്നിൽ രാമേട്ടനും. യാതൊരു ഔപചാരികതയുമില്ലാതെ അവൾ ഊൺമേശക്കു മുമ്പിലിരുന്ന് പ്ലെയ്റ്റ് എടുത്തു മുമ്പിൽ വച്ച് അടച്ചുവച്ച പാത്രം തുറക്കുന്നു. അതിൽ പിട്ടുണ്ട്. അതിൽ നിന്നു ഒരു കഷ്ണവും അടുത്തുള്ള പാത്രം തുറന്ന് അതിൽനിന്ന് കടലക്കറിയും വിളമ്പുന്നു. പെട്ടെന്ന് എന്തോ ഓർത്ത് എഴുന്നേൽക്കുന്നു, കൈ കഴുകാനായി വാഷ്ബേസിനരികെ പോകുന്നു.

ഡി.

രാമേട്ടൻ: കണ്ടില്ലെ, വെപ്രാളത്തില് അവള് കൈ കഴുകാൻകൂടി മറന്നു.

മാധവി: (കൈ കഴുകി സാരിയിൽ തുടച്ച് വരുമ്പോൾ). ആയ്ക്കോട്ടെ.

മാധവി പിട്ടു തിന്നാൻ തുടങ്ങുന്നു. സുപ്രിയ അവളുടെ അടുത്തുതന്നെയുള്ള കസേലയിൽ ഇരുന്ന് ചെറിയമ്മ ഭക്ഷണം കഴിക്കുന്നത് നോക്കുന്നുണ്ട്. അവളുടെ കണ്ണുകളിൽ സ്നേഹവും ആരാധനയുമാണ്.

**സീൻ 7.**

എ.

അടുക്കളയിൽനിന്ന് പാറുകുട്ടി ചിരിച്ചുകൊണ്ട് വരുന്നു. അവരുടെ പ്രായമെന്താണെന്ന് തിട്ടപ്പെടുത്താൻ കഴിയില്ല. ഏകദേശം അറുപത് എന്നനുമാനിയ്ക്കാം.

പാറുകുട്ടി: മാധവിമോള് എന്തേ അറിയിക്കാതെ. മോള് വർണത് അടുക്കളടെ ചൂട്ടഴീക്കൂടെ ഞാങ്കണ്ടു.

മാധവി അവരെ നോക്കി ചിരിക്കുന്നതല്ലാതെ മറുപടി പറയുന്നില്ല.

രാമേട്ടനും ശാരദേച്ചിയും മാധവിയുടെ എതിർവശത്തായി ഇരിയ്ക്കുന്നു.

പാറുകുട്ടി: ചായ ഇപ്പ കൊണ്ടരാട്ടോ മോളെ.

രാമേട്ടൻ: രവി ഈ പെണ്ണിന് തിന്നാനൊന്നും കൊട്ക്കിണില്ല്യാ തോന്ന്ണു. കണ്ടില്ലെ കോലം.

ശാരദ: ഇനി അവളെ കളിപ്പിക്കാനൊന്നും നിക്കണ്ട. അവള് സ്വൈരായിരുന്ന് തിന്നോട്ടെ.'

പാറുകുട്ടി: അത്വന്നേ.

രാമേട്ടൻ: അല്ല ഞാമ്പറയണേലെന്താ തെറ്റ്. കണ്ടില്ലെ അവള്ടെ ആർത്തി. ഒരു കുറ്റിപിട്ടും അതിനൊത്ത കടലയും അകത്താക്കിക്കഴിഞ്ഞു.

മാധവി: (മുഖം വീർപ്പിയ്ക്കുന്നു) ആയ്ക്കോട്ടെ രാമേട്ടന് ചേതല്ലല്ലൊ.

ബി.

സുപ്രിയയുടെ അസ്വസ്ഥമാകുന്ന മുഖം. അച്ഛൻ ചെറിയമ്മയെ കളിപ്പിക്കുന്നതൊന്നും അവൾക്കിഷ്ടമാവുന്നില്ല.

പാറുകുട്ടി: ചായ കൊണ്ടരാം. മോളെ ചൂട്ള്ള പിട്ട് അട്പ്പത്ത്ണ്ട്. അതും കൊണ്ടരട്ടെ?

മാധവി: (ഒരു നിമിഷം ആലോചിയ്ക്കുന്നു) വേണ്ട. ഇവിടെ ഒരു കഷ്ണം പിട്ട് തിന്നപ്പോൾ തന്നെ ആൾക്കാര് ഓരോന്ന് പറയ്ണ്ണ്ട്.

രാമേട്ടൻ (പെട്ടെന്ന് ചാടിയെഴുന്നേറ്റ് തോർത്ത് ചുമലിലിട്ടുകൊണ്ട് പറയുന്നു.) അയ്യോ ഞാമ്പോവ്വാണ്. എനിക്ക് പാടത്തു പണിണ്ട്.

മാധവി: പൊയ്ക്കോളു. അതാ നല്ലത്. മറ്റുള്ളോരെ ദേഷ്യം പിടിപ്പിക്കാതെ? അല്ലെ മോളെ?



അവസാനഭാഗം സുപ്രിയയെ നോക്കിക്കൊണ്ടാണ് പറയുന്നത്.
സുപ്രിയ വേഗം തലയാട്ടുന്നു.
രാമേട്ടൻ പക്ഷെ പോകുന്നില്ല, അവിടെത്തന്നെ ചുറ്റിപ്പറ്റി നിൽക്കുകയാണ്. മാധവിയുടെ സാന്നിദ്ധ്യത്തിൽനിന്ന് പെട്ടെന്ന് പോകാനയാൾക്ക് ഉദ്ദേശ്യമില്ല.
മാധവി ഇടതുകൈകൊണ്ട് നിലത്തു വെച്ച സഞ്ചിയിൽനിന്ന് ഒരു പൊതിയെടുത്ത് സുപ്രിയയ്ക്ക് നേരെ നീട്ടുന്നു.
മാധവി: ഇതെന്താണ്ന്ന് പറയൂ.
സുപ്രിയ: (തലയാട്ടിക്കൊണ്ട്) എനിക്കറിയാം.
അവൾ കടലാസുപെട്ടി തുറന്ന് അതിനുള്ളിലെ പാവക്കുട്ടിയെ പുറത്തെടുക്കുന്നു. അവളുടെ മുഖം വികസിക്കുന്നു. അവൾ പാവയെ മേശമേൽ കിടത്തിനോക്കി.
സുപ്രിയ: ഉം, കണ്ണടയ്ക്ക്ണ്ണ്ട്. (അവൾ പാവയെ ഉയർത്തി അമ്മയെ കാണിക്കുന്നു. പിന്നെ ഓടിപ്പോകുന്നു.)

സി.
രാമേട്ടൻ വന്ന് പാവയെ എടുത്തു നോക്കുന്നു.
രാമേട്ടൻ: അവള് അല്ലെങ്കിലേ നാലു കുട്ട്യേളേം വെച്ച് പ്രാരാബ്ധക്കാരിയായി കഴിയ്വാണ്. ഇനി ഒരു കുട്ടീം കൂടി ആയാൽ എങ്ങിന്യാ കൊണ്ടു നടക്വാന്ന് ദൈവത്തിനു മാത്രറിയാം.
മാധവി: (ചിരിക്കുന്നു.) സാരല്യ. അവള് നല്ല അമ്മയാണ്.

ഡി.
സുപ്രിയ തിരിച്ചു വരുന്നത് വേറെ നാല് പാവക്കുട്ടികളുമായാണ്. എല്ലാം നല്ല ഭംഗിയുള്ളതും നല്ലവണ്ണം സൂക്ഷിക്കുന്നതുകൊണ്ട് പുതിയതു പോലുള്ളതുമാണ്. അവൾ അച്ഛന്റെ കയ്യിൽനിന്ന് പാവ തട്ടിപ്പറിച്ചു വാങ്ങി എല്ലാം മേശമേൽ നിരത്തുന്നു.........
മാധവി: (സുപ്രിയയെ വാത്സല്യത്തോടെ നോക്കിക്കൊണ്ട്) സുപ്രിയേ നമുക്ക് മഞ്ചാടിക്കുരു പെറുക്കാൻ പോവ്വാ?
സുപ്രിയ തലയാട്ടുന്നു.

ഇ.
പാറുകുട്ടി ഒരു സ്റ്റീൽ ഗ്ലാസ്സിൽ ചായ കൊണ്ടുവന്ന് മാധവിയുടെ മുമ്പിൽ വെയ്ക്കുന്നു.
പാറുകുട്ടി: (ശാരദയോട്) മീൻകാരി ഉമ്മ വന്നിട്ടുണ്ട്, നെയ്മീനുംണ്ട്, അയിലീംണ്ട്.
ശാരദ: മാധവീ നിനക്ക് നെയ്മീൻ മതിയോ?
മാധവി: മതി ചേച്ചി. വറുത്താൽ മതി.
പാറുകുട്ടി: (ചിരിച്ചുകൊണ്ട്) ആ കുട്ടിക്ക് നെയ്മീൻ വറുത്തതാ എപ്പളും ഇഷ്ടം.
രാമേട്ടൻ: ഞാനൊന്ന് പോയിവരാം. പാടത്ത് കൊറച്ച് പണിണ്ട്.
ശാരദ എഴുന്നേൽക്കുന്നു.
മാധവിയും എഴുന്നേൽക്കുന്നു, കൈ കഴുകാൻ വാഷ്ബേസിനിലേയ്ക്ക് പോകുന്നു.
രാമേട്ടൻ അകത്തേയ്ക്കു പോകുന്നു.

എഫ്.
സുപ്രിയ പുതിയ പാവക്കുട്ടിയെ ഒക്കത്തെടുത്ത് ഊൺമുറിയിൽനിന്ന് അടുക്കളമുറ്റത്തേയ്ക്കുള്ള വാതിൽക്കൽ നിൽക്കുകയാണ്.
സുപ്രിയ: ചെറ്യമ്മേ, വരു.

ജി.
മാധവി: (ശാരദ കൊടുത്ത തോർത്തുമുണ്ടിൽ കൈ തുടച്ചുകൊണ്ട്) ഇതാ വരുണൂ.
**സീൻ 8.**

എ.
സുപ്രിയ മുമ്പിലും മാധവി പിന്നിലുമായി പറമ്പിലൂടെ നടക്കുന്ന ഷോട്ട്. ചെറിയ വരമ്പാണ്. മഴയിൽ ചൈതന്യം വീണ്ടെടുത്ത പുല്ലുകളും പാഴ്ചെടികളും ഇരുവശത്തും. അവർ നടക്കുമ്പോൾ പച്ചപ്പയ്യുകൾ ചാടുന്നു. അതു നോക്കിക്കൊണ്ട് സുപ്രിയ പറയുന്നു.
സുപ്രിയ: ന്നാള് ഒരു പച്ചപ്പയ്യ് വീട്ടിന്റെ ഉള്ളില് വന്നു. അപ്പൊ അമ്മ പറഞ്ഞു പച്ചപ്പയ്യ് വന്നാല് നമുക്ക് ധാരാളം പണംണ്ടാവുംന്ന്.
മാധവി: അത്യോ?
സുപ്രിയയുടെ മുഖം ക്ലോസപ്പിൽ കാണിക്കണം. അത് ഗൗരമവാർന്നതും കൗതുകമുള്ളതുമാണ്. ക്യാമറ അതൊപ്പിയെടുക്കണം.
സുപ്രിയ: ങ്ങാ, പക്ഷെ നമ്മള് വീട്ടില് പിടിച്ചിട്ടിട്ട് കാര്യല്ല്യ, അതിന് തോന്നീട്ട് വരണം.
മാധവി: അത്യോ?
സുപ്രിയ: (തല കുലുക്കിക്കൊണ്ട്.) ങ്ങാ.
മാധവി: നമുക്കെന്തിനാ മോളെ ധാരാളം പണം?
സുപ്രിയ: ധാരാളം പണോ?
മാധവി: ങാ....?
സുപ്രിയ: നമക്ക് കൊറേ പാവക്കുട്ട്യോളെ വാങ്ങിക്കൂടെ?
അവളുടെ ചുമൽ വരെ വെട്ടി നിർത്തിയ തലമുടി നടക്കുമ്പോൾ കുലുങ്ങുന്നു. അത് തൊട്ട് തലോടിക്കൊണ്ട് മാധവി ചോദിക്കുന്നു.
മാധവി: നിന്റെ മുടി അട്ത്ത് വെട്ട്യോ?
സുപ്രിയ: ങാ, കഴിഞ്ഞ ആഴ്ച. അമ്മ വെട്ടിത്തന്നതാ.
മാധവി: നല്ല ഭംഗിണ്ട്.
സുപ്രിയയുടെ മുഖം സന്തോഷംകൊണ്ട് വിടരുന്നു.

ബി.
മഞ്ചാടി മരത്തിനു താഴെ നിറയെ ചുവന്ന കുരുക്കൾ ചിതറിക്കിടക്കുന്നത് കാണിക്കണം. സുപ്രിയയും മാധവിയും ഒരു നിമിഷം അതു നോക്കി നിൽക്കുന്ന ഷോട്ട്. പിന്നെ അവർ ഇരിക്കുന്നു. സുപ്രിയ മുട്ട് നിലത്തമർത്തിയും മാധവി കുത്തിയിരിക്കയും ആണ് ചെയ്യുന്നത്.
മാധവി: ഇത് കൊറേണ്ടല്ലൊ.
സുപ്രിയ: ങാ, ഞാൻ കൊറേ ദിവസായി പെറുക്കീട്ട്.
അവർ അതു പെറുക്കി ആദ്യം ഇടതു കയ്യിലും പിന്നെ നിറഞ്ഞപ്പോൾ നിലത്തുതന്നെ കൂമ്പാരമായും സംഭരിയ്ക്കുന്നു.
സുപ്രിയ: ചെറ്യമ്മേ, നമ്മളൊരു കാര്യം മറന്നു.
മാധവി: എന്താ മോളെ?
സുപ്രിയ: ഒരു പാത്രം എട്ക്കായിരുന്നു. ഇത്രധികംണ്ടാവുംന്ന് ഞാൻ വിചാരിച്ചില്ല.



മാധവി: സാരല്യ. നമുക്ക് ഒരു വാഴയില ചീന്തി അതിലിടാം.

സി.
മാധവി എഴുന്നേൽക്കുന്നു. സുപ്രിയ മഞ്ചാടിക്കുരുകൾ നിലത്ത് പെറുക്കിക്കൂട്ടുകയാണ്.

ഡി.
മാധവി അടുത്തുതന്നെ നിൽക്കുന്ന വാഴയിൽനിന്ന് ഒരു ചെറിയ ഇലച്ചീന്ത് ചീന്തിയെടുക്കുന്നു.
ഇലച്ചീന്തുമായി മാധവി ചുറ്റും നോക്കുന്നു. ക്യാമറ പാൻചെയ്യുന്നത് ഇടതൂർന്ന് നിൽക്കുന്ന മരങ്ങളും ചെടികളുമുള്ള പറമ്പിലേയ്ക്കാണ്. ഇടയ്ക്ക് മാധവിയുടെ ആലോചനാബദ്ധമായ മുഖം കാണിക്കണം.
ക്യാമറ ഇഫക്ട്. മാധവി പഴയ കാലത്തേയ്ക്ക് ഊളിയിടുകയാണ്. അവൾ സുപ്രിയയുടെ പ്രായമായിരുന്നപ്പോഴത്തെ കാലം. അവളും മുത്തശ്ശിയും (ഏകദേശം 60 വയസ്സ്) ഒരു പച്ചക്കറിക്കളത്തിൽ. വെണ്ടയുടെ ചുറ്റും ഒരു കോലുപയോഗിച്ച് ചിനക്കിക്കൊടുക്കുകയാണ്.
മാധവി: എന്തിനാ മുത്തശ്ശീ ഇങ്ങനെ ചെയ്യണേ.
മുത്തശ്ശി: അതേയ് കടേടെ ചുറ്റുംള്ള മണ്ണ് എളക്ക്യാല് അതിന്റെ വേരിന് ഓടാൻ എളുപ്പായിരിക്കും.
(ശബ്ദം താഴ്ന്ന് വന്ന് തീരെ കേൾക്കാതാവുന്നു...... അതിനിടയ്ക്ക് സുപ്രിയയുടെ വിളി കേൾക്കുന്നതോടെ ദൃശ്യം അപ്രത്യക്ഷമാകുന്നു.)

ഇ.
സുപ്രിയ വിളിയ്ക്കുന്നു: ചെറ്യമ്മ എന്താ ആലോചിച്ച് നിക്കണത്?
മാധവി: (പെട്ടെന്ന് ആലോചനയിൽനിന്നുണരുന്നു.) ഞാനേയ് ന്റെ മുത്തശ്ശീനെ ഓർക്ക്വായിരുന്നു. നെന്റെ പ്രായത്തില് ഞാൻ എന്നും മുത്തശ്ശീടെ ഒപ്പം പറമ്പില് നടക്കാനെറങ്ങും.................

**സീൻ 9.**

എ.
ഫ്ളാഷ്ബാക്ക് ഇഫക്ട്. തുടക്കത്തിൽ സംസാരം വേണമെന്നില്ല. ഗതകാലത്തെ അനുസ്മരിപ്പിയ്ക്കുന്ന സംഗീതം മാത്രം. സുപ്രിയയുടെ പ്രായത്തിലുള്ള മാധവി മുത്തശ്ശിയുടെ കൈപിടിച്ച് നടക്കുകയാണ്. മുത്തശ്ശിയ്ക്ക് അറുപതു വയസ്സായിട്ടുണ്ടാവും. ആരോഗ്യമുള്ള ശരീരം. മാധവി തലയാട്ടിക്കൊണ്ട് എന്തൊ



ക്കെയോ പറയുന്നു. ക്രമേണ അവരുടെ ശബ്ദം കേൾക്കാൻ തുടങ്ങുന്നു.
മാധവി: മുത്തശ്ശീ, നമ്മള് ഇന്നലെ കൊളത്തില് കണ്ട ആമ്പലിന്റെ രണ്ട് മൊട്ടും വിരിഞ്ഞിട്ട്ണ്ടാവും. നമ്ക്ക് പോയി നോക്ക്വാ?
മുത്തശ്ശി: നോക്കാം.
അവർ നടക്കുന്നു. നടത്തത്തിനിടയിൽ അവർ ചെടികളോടും മരങ്ങളോടും സല്ലപിയ്ക്കുന്നുണ്ട്. കൈപ്പവള്ളികൾക്ക് ഞെടിവെച്ചുകൊടുത്തും വെണ്ടച്ചെടികളെ തലോടിയും നടക്കുകയാണ്. പെട്ടെന്ന് മാധവി പറമ്പിൽ കുറച്ച് ഇടതൂർന്ന ചെടികളുള്ള ഭാഗത്ത് ചൂണ്ടിക്കാട്ടി പറയുന്നു.
മാധവി: മുത്തശ്ശീ, അച്ഛൻ പറ്യാണ് ഇന്നാള് അവ്ടെ ഒരു പാമ്പിനെ കണ്ടൂന്ന്. അത് നമ്മളെ കടിക്കില്ല്യേ?
മുത്തശ്ശി. നമ്മളതിനെ ഉപദ്രവിക്കാൻ പോയാൽ അത് കടിക്കും. എന്തായാലും മോള് ആ കാട്ടിലൊന്നും പോണ്ട. ഇനി മഴ കഴിഞ്ഞ പറമ്പ് കെളക്കണവരെ അങ്ങനെ കാട് പിടിച്ച് കെടക്കും.
മുമ്പിൽ ഒരു തെങ്ങിൻപട്ട വീണുകിടക്കുന്നു. അതു നോക്കുന്ന മുത്തശ്ശി. പിന്നെ മുത്തശ്ശി തെങ്ങിന്റെ തലപ്പത്തേയ്ക്ക് തലയുയർത്തി നോക്കുന്നു.
മുത്തശ്ശി: നെന്റെ അച്ഛനോട് പറയണം തെങ്ങ് കേറ്റക്കാരോട് വരാൻ പറയാൻ. തേങ്ങ ഇടണ്ട സമയായിരിക്കുണു.
അവർ ആമ്പൽക്കുളത്തിന്റെ കരയിലെത്തുന്നു. സാമാന്യം വലിയ ഒരു കുളമാണ് കാണുന്നത്. നടുവിലായി ഒന്നോ രണ്ടോ പൂക്കൾ.
മാധവി: മുത്തശ്ശീ, ദാ ആമ്പല് വിരിഞ്ഞു. മാധവിയുടെ മുഖം ഫോക്കസ് ചെയ്യുന്ന ക്യാമറ.
ഫ്ളാഷ്ബാക്ക് കഴിഞ്ഞു.
ബി.
മാധവി തിരിച്ചു വന്ന് സുപ്രിയയുടെ അടുത്തിരിക്കുന്നു. ഇലച്ചീന്ത് നിലത്തുവെച്ച് പെറുക്കിക്കൂട്ടിയ മഞ്ചാടിവിത്തുകൾ അതിലേയ്ക്ക് മാറ്റുന്നു.
മാധവി: മുത്തശ്ശിയ്ക്ക് ഈ പറമ്പിലെ ഒരോ മരും, ചെടീം കാണാപ്പാഠായിരുന്നു. ചെടികളെ അത്രയ്ക്കിഷ്ടാ മുത്തശ്ശിയ്ക്ക്.
സുപ്രിയ താല്പര്യത്തോടെ കേൾക്കുന്നുണ്ട്.
മാധവി: ഒരിക്കലെന്താണ്ടായത്ന്ന് കേക്കണോ? (സുപ്രിയ തലയാട്ടുന്നു.) ഒരീസം ഞാനും മുത്തശ്ശീം കൂടി രാവിലത്തെ നടത്തൊക്കെ കഴിഞ്ഞ് മുറ്റത്തെത്ത്യപ്പൊണ്ട് അവ്ടെ രണ്ട്പേര് നിക്കുണു. ഒരാള്ടെ അട്ത്ത് ഈർച്ചവാള്ണ്ട്. മറ്റ്യാള്ടെ തോളത്ത് മഴും കയറും ഒക്കെ. അച്ഛനവരോട് എന്തോ സംസാരിക്ക്യായിരുന്നു......

**സീൻ 10.**

ഫ്ളാഷ്ബാക്ക് തുടങ്ങുന്നു.
എ.
മുത്തശ്ശി: (മാധവിയുടെ അച്ഛനോട് – ഏകദേശം നാല്പത് വയസ്സു പ്രായമുണ്ടാകും) ആരാ ഇവരൊക്കെ, മാധവാ?
മാധവൻ നായർ: അമ്മേ നമ്മടെ പറമ്പില് കൊറച്ച് പാഴ്മരങ്ങള്ണ്ട്, അതൊക്കെ വെട്ടിക്കളയാൻ ഞാൻ ഏർപ്പാടാക്കീതാ.
മുത്തശ്ശി: മരം മുറിക്ക്യേ? ഈ പറമ്പീന്ന് ഒരു മരും മുറിക്കില്ല. മരം വെച്ചു പിടിപ്പിച്ചാൽ മാത്രം മതി.
മാധവൻ നായർ: പക്ഷെ അമ്മേ, അതൊക്കെ മുറിച്ച് മാറ്റ്യാൽ ഇപ്പ കിട്ടണ തേങ്ങടെ എരട്ടി തേങ്ങ കിട്ടും ഈ പറമ്പീന്ന്.
മുത്തശ്ശി: വേണ്ട, വേണ്ട. ഇപ്പൊ കിട്ടണ തേങ്ങ്യന്നെ മതി. മരം ഒന്നും മുറിക്കണ്ട.
അമ്മായിയമ്മയുടെ ദേഷ്യം കാണുമ്പോൾ മാധവൻ നായർക്ക് ചിരി വരുന്നു.

ബി.
ക്യാമറ തിരിയുന്നു. കാണുന്നത് പൂമുഖത്തിന്റെ പടികളാണ്. പടികൾ ഇറങ്ങിക്കൊണ്ട് സുഭദ്ര (മാധവിയുടെ അമ്മ) വരുന്നു.
സുഭദ്ര: എന്താ പറ്റീത് അമ്മേ?
മുത്തശ്ശി: ഒന്നുംല്ല്യ മോളെ. പറമ്പില്ള്ള പാഴ്മരൊക്കെ മുറിക്കാൻ മാധവൻ രണ്ട് ജോലിക്കാരെ കൊണ്ടന്നതാ. ഞാമ്പറഞ്ഞൂ ഒന്നും മുറിക്കണ്ടാന്ന്.
മാധവൻ നായർ ചിരിക്കുന്നു.
സുഭദ്ര: അമ്മേ ഞാനേ പറഞ്ഞത് അതൊക്കെ മുറിച്ചു കളയാൻ. പറമ്പാകെ കാട് പിടിച്ചു കെടക്കാണ്. അതൊക്കെ ഒന്ന് തെളിയിക്ക്യും വേണം. പറമ്പ് നെറയെ പാമ്പ്കളാണ്, നടക്കാൻ വയ്യാന്നായിരിക്കുണു.
മുത്തശ്ശി: എല്ലാറ്റിനും ഓരോ സമയണ്ട് സുഭദ്രേ, പറമ്പ് കെളപ്പിക്കണത് തുലാം മാസത്തിലേ പതിവ്ള്ളു. ഇപ്പൊ തെങ്ങിന്റെ കട തൊരക്കണ്ട സമയാണ്. ചാമിയോട് പറഞ്ഞിട്ട്ണ്ട്. പിന്നെ നീയെന്തിനാ പാമ്പിന്റെ പിന്നാലെ പോണത്? അത് അതിന്റെ പാട്ടിന് പൊയ്ക്കോട്ടെ.
സുഭദ്ര: പിന്നെ തേങ്ങ, ഓരോ മാസം കൂടുമ്പൊ എണ്ണം കൊറഞ്ഞ്കൊറഞ്ഞ് വര്ണ്ണ്ട്. നമ്മടെ വടക്കേല്

ലക്ഷ്മി അമ്മേടെ പറമ്പീന്ന് എത്ര തേങ്ങ്യാ കിട്ട്ണ്ത്ന്നറിയ്യോ?
മുത്തശ്ശി: അതൊന്നും സാരല്യന്റെ സുഭദ്രേ. നമ്ക്ക് ഇപ്പളള്ളത് പോരെ? എന്തിനാ ധാരാളം പണൊക്കെ?
മാധവൻ നായർ: ശരി അമ്മേ, അമ്മക്കിഷ്ടല്ല്യെങ്കില് ഒന്നും മുറിക്കിണില്ല. (തിരിഞ്ഞ് പണിക്കാരോട്) ശങ്കരാ പൊയ്ക്കോളു. അമ്മ പറഞ്ഞത് കേട്ടില്ലെ?
അവർ തലകുനിക്കുന്നു.
ശങ്കരൻ (ഈർച്ചവാളുകാരൻ) ശര്യമ്പ്രാനെ. (പോകാൻ തിരിയുന്നു.)
മുത്തശ്ശി: മാധവാ അവരോട് നിക്കാൻ പറയു. അവര് നമ്ക്ക് വേണ്ടി വന്നതല്ലെ. ഇനിയിപ്പൊ ഇന്ന് വേറെ പണി കിട്ടീന്ന് വരില്ല. അവർക്ക് പകുതി ദിവസത്തെ കൂലി കൊടുക്കു.
മാധവൻ നായർ: ശരി അമ്മേ. (തിരിഞ്ഞ് സുഭദ്രയോട്) നീ പോയി എന്റെ പഴ്സ് എടുത്തുകൊണ്ടുവാ.
മുത്തശ്ശി: ഞാൻ ഒരു കാര്യ്യംകൂടെ പറയാം.
പോകാനായി തിരിയുന്ന സുഭദ്ര പെട്ടെന്ന് മുത്തശ്ശി സംസാരിക്കുന്നത് കേട്ട് നിൽക്കുന്നു.
മാധവൻ നായർ: എന്താ അമ്മേ?
മുത്തശ്ശി: എന്നെ ദഹിപ്പിക്കാനായിട്ട് കൂടി ഈ പറമ്പീന്ന് ഒരു മരും മുറിക്കര്ത്. വെറക് പൊറത്ത്നിന്ന് കാശു കൊടുത്തു വാങ്ങ്യാ മതി.
സുഭദ്ര ചിരിച്ചുകൊണ്ട് തലയാട്ടുന്നു. പിന്നെ പോകാനൊരുങ്ങുന്നു. പെട്ടെന്ന് തിരിഞ്ഞ് മാധവിയോട്.
സുഭദ്ര: മോളെ നെനക്ക് ചായ കുടിക്കാറായില്ല്യേ? ഭാർഗ്ഗവി എത്രനേരായി നെന്നേം കാത്തിരിക്കുണു. അവളാണെങ്കിൽ ഈ പെണ്ണിന്റെ ഒപ്പല്ലാതെ ഭക്ഷണം കഴിക്കുംല്ല്യ.
മാധവി: ഞാൻ വരുണു അമ്മേ.
മാധവൻ നായർ: ശരി അമ്മേ, ഒക്കെ അമ്മ പറേമ്പോലെ ചെയ്യാം, സമാധാനായിട്ടിരിക്കു.
പണിക്കാർ മുത്തശ്ശിയെ നോക്കി തല കുനിക്കുന്നു.
ഫ്ളാഷ്ബാക്ക് കഴിഞ്ഞു.

**സീൻ 11.**

എ.
മാധവിയും സുപ്രിയയും. ഒരു മാതിരി പെറുക്കൽ കഴിഞ്ഞിരിക്കുന്നു. ഇനിയും വല്ലതുമുണ്ടോ എന്ന് എഴുന്നേറ്റ് ചുറ്റി നടന്നു നോക്കുകയാണ്.
സുപ്രിയ: നല്ല മുത്തശ്ശി, അല്ലെ ചെറ്യമ്മേ?
മാധവി: നീ കണ്ടിട്ടില്ല മുത്തശ്ശീനെ. ഉമ്മറത്ത് ഫോട്ടോ വലുതാക്കി വെച്ചിട്ടില്ലെ? ആ മുത്തശ്ശി. ആ മുത്തശ്ശിയുടെ പേരക്കുട്ടികളാണ് നിന്റെ അമ്മയും ഞാനും. മുത്തശ്ശിതൊട്ട് എല്ലാവർക്കും പെൺമക്കളേ ഉണ്ടായിട്ടുള്ളു. മുത്തശ്ശിക്ക് രണ്ടു പെൺമക്കള്. ഭാർഗ്ഗവീം സുഭദ്രീം. അവർക്കും ഓരോ പെൺമക്കള് അതാണ് നിന്റെ അമ്മയും ഞാനും. ഞാനായിട്ടേ അതു തെറ്റിച്ചത്. രണ്ട് കാടൻപൂച്ചകൾ. പക്ഷെ എനിക്കിഷ്ടം പെൺകുട്ടികള്യാണ്.
സുപ്രിയ: (കുറച്ചുനേരം ആലോചിച്ചുകൊണ്ട്) ചെറ്യമ്മേ?
മാധവി: ഊം?
സുപ്രിയ: ചെറിയമ്മയ്ക്ക് ന്നെ ഇഷ്ടംണ്ടൊ?

ബി.
മാധവി സുപ്രിയയെ നോക്കുന്നു. ക്യാമറ അവളുടെ മുഖം ഫോക്കസ് ചെയ്ത് വലുതായി കാണിക്കണം. അവളുടെ ഭാവി ചെറിയമ്മയുടെ ഉത്തരം ആശ്രയിച്ചിരിക്കുന്നെന്ന മട്ടിലാണ് അവളുടെ നിൽപ്പ്. കണ്ണുകളിലെ ആകാംക്ഷ പ്രകടമായി കാണിക്കണം.
മാധവി: ഇഷ്ടണ്ടോന്നോ? (കുനിഞ്ഞ് അവളുടെ കവിളിൽ ഉമ്മവെയ്ക്കുന്നു.) നല്ലട്ടംണ്ട്.
സുപ്രിയയുടെ മുഖം തുടുക്കുന്നു.

**സീൻ 12.**
എ.
ഉമ്മറത്ത് ചാരുകസേലയിൽ രാമേട്ടനിരിയ്ക്കുന്നു. മുമ്പിൽ ഇരുത്തിമേൽ ശാരദയിരിക്കുന്നു. സാരിയുടെ തലപ്പുകൊണ്ട് മുഖം തുടയ്ക്കുന്നു. അവൾ കാഴ്ചയിൽ കുറച്ച് അസ്വസ്ഥയാണ്. രാമേട്ടൻ ഇരുത്തിമേൽ വെച്ച ചായഗ്ലാസ്സ് ചുണ്ടോടടുപ്പിയ്ക്കുന്നു. ഒരു കവിൾ കുടിച്ച് തിരിച്ചു വെയ്ക്കുന്നു.
ശാരദ: ഞാനൊരു കാര്യം പറേട്ടെ?
രാമേട്ടൻ: (തമാശയിൽ) കൊറച്ച് നേരായിട്ട് എനിക്ക് തോന്നീരുന്നു, നെനക്ക് എന്തോ ബോധിപ്പിക്കാന്ണ്ട്ന്ന്. ആയ്ക്കോട്ടേ.
ശാരദ ഗൗരവത്തിൽത്തന്നെയാണ്. ഒരു സാധു സ്ത്രീയാണവർ, അവരുടേതായ പ്രശ്നങ്ങളും പ്രാരാബ്ധങ്ങളും കൊണ്ട് ഒതുങ്ങിപ്പോയ സ്ത്രീ.



രാമേട്ടൻ: പറഞ്ഞോ ശാരദേ.
ശാരദ: (അകത്തേയ്ക്കുള്ള വാതിലിലേയ്ക്ക് നോക്കി ആരുമില്ലെന്ന് ഉറപ്പു വരുത്തിയശേഷം.) നോക്കൂ, മാധവി എന്തിനായിരിക്കും വന്നിട്ടുണ്ടാവ്വാ?
രാമേട്ടൻ: അവള് വെറ്തെ വന്നതായിരിക്കും. അങ്ങനെയിരിക്കുമ്പോ എടയ്ക്കൊന്ന് ഓടിവരാറില്ലെ ചേച്ചീനെ കാണാൻ. അത്ര്യന്നെ.
ശാരദ: എനിയ്ക്ക് തോന്ന്ണില്ല്യ.
രാമേട്ടൻ: പിന്നെ?
ശാരദ: എനിയ്ക്ക് തോന്നണത് അവള് ഭാഗത്തിന്റെ കാര്യം പറയാൻ വന്നതായിരിക്കുംന്നാ.
രാമേട്ടൻ: അങ്ങനെ ചോദിച്ചാൽ കൊടക്കണം. ഇത് അവള്ടീംകൂടിള്ളതല്ലെ?
ശാരദ: (നൈരാശ്യത്തോടെ) നിങ്ങളും ഇങ്ങനെ പറഞ്ഞാ എങ്ങിന്യാ? ഈ സ്വത്തില് പകുതി അവൾക്കും കൂടി കൊട്ത്താൽ പിന്നെ നമുക്ക് കഴിയണ്ടെ? എന്താള്ളത് ഇവ്ടെ? രണ്ടേക്കറ് പറമ്പും പൊളിഞ്ഞ് വീഴാറായ ഈ പഴേ തറവാടും മാത്രം. ഈ കാട്ടുമുക്കില് അതിനെന്തു വെല കിട്ടും. കൃഷിസ്ഥലൊക്കെ പിന്നെ രാമേട്ടന്റെ പേരിലല്ലെ.
രാമേട്ടൻ: വല്യ വെല്യൊന്നും കിട്ട്ണ്ടാവില്ല. കാരപ്പറത്ത് കൃഷ്ണേട്ടന്റെ വീടും പറമ്പും കഴിഞ്ഞ മാസം പോയത് ഒന്നര ലക്ഷത്തിനാ, അത് ഒന്നേമുക്കാൽ എക്കറ്ണ്ട്. അത് നോക്കുമ്പൊ ഈ പറമ്പ് ഒരു രണ്ട് രണ്ടര ലക്ഷത്തിന്ണ്ടാവും. ഈ സ്ഥലം തന്നെ തൃശ്ശൂരോ മറ്റ്യാണെങ്കി എന്തായിരിയ്ക്കും വെല? നെന്റെ ചെറ്യച്ഛന്റെ വീട് 5 സെന്റ് സ്ഥലേള്ളു, അതിന് ചുരുങ്ങ്യത് പത്തു ലക്ഷം കൊടുക്കണ്ടി വരും.
ശാരദ: അതാ ഞാൻ പറേണത്. ഇതില്പ്പൊ പകുതി മാധവിയ്ക്കും പോയാ ബാക്കി എന്താണ്ടാവ്വാ?
രാമേട്ടൻ: (ഗൗരവത്തോടെ) അവളതിന് വല്ലതും പറഞ്ഞോ?
ശാരദ: പറഞ്ഞിട്ടൊന്നുംല്ല്യ, പക്ഷെ ഈ വരവിന് അതാണ് ഉദ്ദേശ്യംന്ന് തോന്ന്വാ.
രാമേട്ടൻ: ചോദിച്ചാ കൊട്ക്കന്നെ, അല്ലാതെന്താ?
ശാരദ: രാമേട്ടനൊന്ന് സംസാരിക്ക്യോ ചെറ്യച്ഛനോട്. ഒന്ന് തൃശ്ശൂര് വരെ പോവ്വല്ലേ വേണ്ടു.
രാമേട്ടൻ: ഞാൻ ഇക്കാര്യം സംസാരിക്കില്ല, പ്രത്യേകിച്ച് നെന്റെ ചെറ്യച്ഛനോട്. നെന്റെ അച്ഛൻ മരിച്ചേന് ശേഷം

ആ മനുഷ്യനാ നെന്റെ കാര്യോക്കെ നോക്കീര്ന്നത്. എനിക്കതൊക്കെ അറിയാം. നന്ദികേടാവും.
ശാരദ: (തലയിൽ കൈവെച്ചുകൊണ്ട്) ഞാനെന്താ ചെയ്യാ?
ശാരദയുടെ മുഖം ക്ലോസപ്പിൽ.

**സീൻ 13.**

എ.
പറമ്പിൽ സുപ്രിയയും മാധവിയും ഇരിയ്ക്കുന്ന സ്ഥലം. മഞ്ചാടി പെറുക്കൽ കഴിഞ്ഞിരിക്കുന്നു.
മാധവി: മതി, മഞ്ചാടിയൊക്കെ കഴിഞ്ഞിരിക്കുണു. നമുക്ക് പോവ്വാം.

ബി.
പെറുക്കിയ മഞ്ചാടിക്കുരു ഇലയിൽ പൊതിഞ്ഞ് അവർ എഴുന്നേൽക്കുന്നു. മാധവി എഴുന്നേറ്റ് മൂരി നിവരുന്നു. വീണ്ടും നടത്തം. പെട്ടെന്ന് താഴെ എന്തോ കണ്ടപോലെ മാധവി നിൽക്കുന്നു.
ചെറിയമ്മ നിന്നുവെന്നു മനസ്സിലായ സുപ്രിയ തിരിയുന്നു.
സുപ്രിയ: എന്താ ചെറ്യമ്മേ?
മാധവി: നീ ശ്രീപാർവ്വതിടെ പാദം കണ്ടിട്ട്ണ്ടൊ?
സുപ്രിയ: ഇല്ല്യാ? (അതെന്താണ് സാധനമെന്ന മട്ടിൽ അവൾ ചെറിയമ്മയെ നോക്കുന്നു.
സി.
മാധവി ഇരിക്കുന്നു. ക്യാമറ ക്ലോസപ്പ് കാണിക്കുമ്പോൾ പൂവണിഞ്ഞ ഒരു തുമ്പച്ചെടിയാണ് കാണുന്നത്. അതിൽനിന്ന് ഒരു പൂ അടർത്തിയെടുത്ത് സ്വന്തം കയ്യിനടിയിൽ കമിഴ്ത്തി വെയ്ക്കുന്നു. (ക്ലോസപ്പ്.)
മാധവി: നീ കാണ്ണ്ടോ, എന്തു മാതിരിണ്ട് ഈ പൂവ്?
സുപ്രിയ: (ഏതാനും മാത്രകൾ അതു നോക്കിയ ശേഷം) ഒരു ചെറ്യ കാല് മാതിരിണ്ട്.
മാധവി: മിടുക്കി. ഇതാണ് ശ്രീപാർവ്വതിയുടെ കാല്. എനിക്ക് മുത്തശ്ശി കാണിച്ചുതന്നിട്ട്ള്ളതാ. അതിന് ശേഷം ഞാൻ ഓണത്തിന് പൂവിടുമ്പോ നടുവിലൊരു തുമ്പപ്പൂ ഇങ്ങനെ കമിഴ്ത്തി വെയ്ക്കും. അപ്പൊ ഓണ



ത്തിന്റന്ന് ശ്രീപാർവ്വതി നമ്മടെ വീട്ടീ വരും.
സുപ്രിയയുടെ കണ്ണുകൾ അദ്ഭുതംകൊണ്ട് വിടരുന്നു.
സുപ്രിയ: ഈ ഓണത്തിന് ഞാനും അങ്ങനെ ഒരു തുമ്പപ്പൂ വെയ്ക്കും. ഞാൻ വല്ല്യേ പൂക്കളംണ്ടാക്കാറ്ണ്ട്.
മാധവി: അത്യോ? അപ്പൊ എവിട്ന്നാ ഇത്ര്യാക്കെ പുക്കള് കിട്ടാ?
സുപ്രിയ: നമ്മടെ പറമ്പീന്നന്നെ കിട്ടും.
മാധവി: ശര്യാണല്ലെ? ഞാൻ പെട്ടെന്ന് എറണാകുളത്തെ കാര്യം ഓർത്തുപോയി. അവ്ടെ പൂക്കളംണ്ടാക്കണംച്ചാൽ പൂക്കള് കാശുകൊട്ത്ത് വാങ്ങ്വന്നെ വേണം.
സുപ്രിയ: അമലേട്ടനും ആനന്ദും പൂക്കളംണ്ടാക്കാറില്ലെ?
മാധവി: എവ്ടെ? അവർക്കതിനൊന്നും നേരല്ല്യ. അത്തത്തിന്റന്ന് ചെറ്യമ്മ ഒരു ചെറ്യ പൂക്കളംണ്ടാക്കും. അത്വന്നെ.
സുപ്രിയ: അപ്പൊ ചെറ്യച്ഛന് ഇഷ്ടല്ലെ പൂക്കളംണ്ടാക്കണത്?
മാധവി: ഇഷ്ടൊക്കെത്തന്ന്യാണ്, പക്ഷെ....... നീ വരുന്നോ എറണാകുളത്തേയ്ക്ക്? അമലേട്ടനീം ആനന്ദിനീം ചെറ്യച്ഛനീം കാണാൻ?
സുപ്രിയ: അപ്പഴയ്ക്ക് ന്റെ സ്കൂള് തൊറക്കില്ല്യേ?
മാധവി: സ്കൂൾ തൊറക്കാൻ ഇനി ദിവസെത്ര കെടക്കുണു? സ്കൂള് തൊറക്കണേന്റെ രണ്ടീസം മുമ്പ് ചെറ്യച്ഛൻ നെന്നെ ഇവ്ടെ കൊണ്ടാക്കും.
സുപ്രിയ (ആലോചിച്ചുകൊണ്ട്) നിക്ക് വരണംന്ന്ണ്ട്. അമ്മ സമ്മതിക്ക്യോ? ചെറ്യമ്മ അമ്മ്യോട് പറയ്യോ?
മാധവി: അതൊക്കെ ചെറ്യമ്മ സമ്മതിപ്പിയ്ക്കാം. (ചുറ്റും നോക്കിക്കൊണ്ട്) ഇവിട്യൊന്നും ഒരു മാറ്റും ഇല്ല്യ. എന്തു സുഖാല്ലെ അങ്ങനത്തെ സ്ഥലത്ത് താമസിക്കാൻ?
സുപ്രിയ മറുപടി പറയുന്നില്ല.
മാധവി: നേരം കൊറ്യായി, അമ്മ അന്വേഷിക്ക്ണ്ണ്ടാവും. നമ്ക്ക് തിരിച്ചു പോവ്വാ.
അവർ തിരികെ നടക്കുന്നു. നടക്കുമ്പോൾ രണ്ടുപേരും ഒന്നും സംസാരിക്കുന്നില്ല. രണ്ടുപേരും രണ്ടു ലോകത്തെത്തിയപോലെ..........

**സീൻ 14.**

എ.
ഊൺമുറിയിലെ മേശക്കരികെ മാധവി ഇരിയ്ക്കുന്നു. മുമ്പിൽ ഒരിലച്ചീന്തിൽ മഞ്ചാടിക്കുരു, അടുത്തുതന്നെ സുപ്രിയയുടെ പുതിയ പാവക്കുട്ടി.



ബി.

അകത്തുനിന്ന് സുപ്രിയ രണ്ടു കൊച്ചു കളിക്കലങ്ങളുമായി വരുന്നു. അവളത് മേശപ്പുറത്ത് വെച്ച് ചെറിയമ്മയുടെ അടുത്ത് വന്നിരിയ്ക്കുന്നു. മാധവി കലങ്ങളെടുത്തു നോക്കുന്നു. കുഞ്ഞിക്കലങ്ങൾ ക്ലോസപ്പിൽ കാണിക്കുമ്പോൾ ഒന്നിൽ മുക്കാൽ ഭാഗത്തോളം മഞ്ചാടിക്കുരുവും, ഒന്നിൽ നിറയെ കുന്നിക്കുരുവുമാണ്.

സുപ്രിയ: ഈ കുഞ്ഞിക്കലം തിരുവാതിരയ്ക്ക് അമ്മ വാങ്ങിത്തന്നതാ.

മാധവി: നല്ല ഭംഗിണ്ട്. നെനക്കെന്ത് സുഖാ. കളിക്കാൻ കുഞ്ഞിക്കലം, കെടന്നാൽ കണ്ണടയ്ക്കണ പാവകള്. നെറയെ മരങ്ങളും ചെട്യോളും പക്ഷികളും ഉള്ള പറമ്പ്, കുളിക്കാൻ ആമ്പൽക്കുളം. ശരിയ്ക്ക് പറഞ്ഞാൽ എനിക്ക് നെന്നോട് അസൂയാവുണു.

സുപ്രിയ നിഷ്കളങ്കമായി ചിരിക്കുന്നു.

സി.

ഉമ്മറത്തുനിന്ന് ശാരദ ഊൺമുറിയിലേയ്ക്ക് വരുന്നു. കയ്യിൽ രാമേട്ടൻ കുടിച്ചുകഴിഞ്ഞ ചായഗ്ലാസ്സുണ്ട്. മുഖം പ്രസന്നമല്ല. അവൾ അടുക്കളയിലേയ്ക്ക് പോവ്വാൻ തുനിയുകയാണ്.

മാധവിയും സുപ്രിയയും ഊൺമേശക്കിമുമ്പിൽ അതേ ഇരിപ്പുതന്നെയാണ്.

മാധവി: നോക്കു ശാരദേച്ചി ഞങ്ങക്ക് കൊറേ മഞ്ചാടിക്കുരു കിട്ടി. (മഞ്ചാടിക്കുരുകൾ കുഞ്ഞിക്കലത്തിലാക്കുന്ന സുപ്രിയയെ ചൂണ്ടിക്കൊണ്ടാണവൾ പറയുന്നത്.)

ശാരദേച്ചി അതു ശ്രദ്ധിക്കുന്നില്ല.

ശാരദ: മാധവി, നെനക്ക് ചായ വേണോ?

മാധവി: വേണ്ട ശാരദേച്ചി.

ശാരദ അടുക്കളയിലേയ്ക്ക് പോകുന്നു.

മാധവി: (ശാരദയെ നോക്കിക്കൊണ്ട് സുപ്രിയയോട് – സ്വരം താഴ്ത്തിക്കൊണ്ട്) എന്തു പറ്റീ നെന്റെ അമ്മയ്ക്ക്?

സുപ്രിയ ചുണ്ടു മലർത്തി അറിയില്ലെന്ന് കാണിക്കുന്നു.

മാധവി: എനിക്ക് ചെലപ്പൊ നെന്റെ അമ്മെ ഒരിടി കൊടുക്കാൻ തോന്നാറ്ണ്ട്.

സുപ്രിയ: അതെനിക്കും തോന്നാറ്ണ്ട്. (ചിരിക്കുന്നു.)



**സീൻ 15.**

എ.

വൈകുന്നേരം, ഏകദേശം അഞ്ചു മണി. മഴ തിമർത്തു പെയ്യുകയാണ്. തറവാട്ടിലെ മുകളിലെ മുറിയിൽ ജനലിനരികിലിരുന്ന് മാധവിയും സുപ്രിയയും മഴ കാണുകയാണ്. കാറ്റിൽ മരങ്ങളുടെ കൊമ്പുകൾ ഉലയുന്നു. കവുങ്ങിൻ തലകൾ ചാഞ്ചാടുന്നു. താഴെ മുറ്റത്തിനടുത്ത പറമ്പിൽ നട്ട ബിലാത്തിച്ചേമ്പിന്റെ (വലിയ ഇനം ചേമ്പ്) വലിയ ഇലകൾ കാറ്റിലാടുന്നു.

മാധവി: നോക്ക് സുപ്രിയേ, ആ ചേമ്പിലകള് ആട്ണത് കണ്ടോ?

സുപ്രിയ: ഉം.

ചേമ്പില ആടുന്നത് ക്യാമറയിൽ ഒപ്പണം.

മാധവി: ഒരു പശു തലയാട്ടണമാതിരിണ്ടല്ലെ?

സുപ്രിയ: (കൊതുകത്തോടെ നോക്കുന്നു.) ശര്യാ.

മാധവി: (കോണിയുടെ ശബ്ദം ശ്രദ്ധിച്ചുകൊണ്ട്) നിന്റെ അമ്മേടെ വരവ്ണ്ട്ന്ന് തോന്നുണു.

ബി.

കോണി കയറിവരുന്ന ശാരദ. കോണിക്കൂട്ടിൽ ആദ്യം തലഭാഗം പിന്നെ ദേഹം. അരവരെ എത്തിയപ്പോൾ അവൾ നിന്നു.

ശാരദ: എന്താ ചെറ്യമ്മേം മോളും ഇവിടെ ചെയ്യണത്? ഞാൻ ചോട്ടില് മുഴോൻ തെരഞ്ഞു നിങ്ങളെ.

സി.

സുപ്രിയ: ഒന്നുല്ല്യമ്മേ, ഞങ്ങള് മഴ കാണ്വാ.

ശാരദ വന്ന് ജനലിന്നരികിൽ നിൽക്കുന്നു. അവരും മഴ നടാടെ കാണുന്നപോലെ പുറത്തേയ്ക്ക് നോക്കി നിൽക്കുന്നു.

ശാരദ: ഇക്കൊല്ലം മഴ നേർത്തെ തൊടങ്ങീന്ന് തോന്ന്ണ്ണ്ട്. ഇന്യങ്ങട്ട് തൊടങ്ങ്വായി ഓരോരോ.........

അവർ മുഴുമിക്കാതെ നിർത്തുന്നു.

മാധവി എന്തോ ആലോചിക്കുകയാണ്.

മാധവി: ചേച്ചീ, പാറുകുട്ടി ഇപ്പഴും പൊട്ടീനെ ആട്ടാറ്ണ്ടോ?

ശാരദ: അത് സംക്രാന്തിയ്ക്കല്ലെ. ഇനീംണ്ട് സമയം.

മാധവി: ചേച്ചിക്കോർമ്മണ്ടോ, പാറുകുട്ടി പൊട്ടീനെ ആട്ടുമ്പോ നമ്മള് പിന്നാലെ ഓടീര്ന്നത്?

**സീൻ 16.**

ഫ്ളാഷ്ബാക്ക് തുടങ്ങുന്നു.

സന്ധ്യാസമയം. പാറുകുട്ടി ഒരു പഴകിക്കീറിയ മുറത്തിൽ കറുത്തതും വെളുത്തതും ചോറുരുളകൾ, അടിക്കാട്ടം, പഴകിയ ഒരു കുറ്റിച്ചൂല് മുതലായവ എടുത്ത് ഒരു ഓലച്ചൂട്ടും കത്തിച്ച് മുറികൾതോറും 'പൊട്ടി പോ, ശീവോതി വാ' എന്നുറക്കെ പറഞ്ഞ് ഓടുന്നു. ഉമ്മറവാതിൽ കടന്നു വരുന്ന ചെറുപ്പക്കാരി പാറുകുട്ടിയുടെ പിന്നാലെ കുട്ടികളായ മാധവിയും ശാരദയും വാഴയുടെ അണകൊണ്ട് നിലത്തടിച്ച് ശബ്ദമുണ്ടാക്കി ഓടുന്നു. പാറുകുട്ടി പടികടന്ന് പുറത്തേയ്ക്ക് ഓടുന്നു. കുട്ടികൾ പടിക്കൽ നിന്ന് പാറുകുട്ടി ഓടുന്ന കാഴ്ച കാണുന്നു. പാറുകുട്ടി മുറവും ചൂട്ടും വയലിന്റെ ഏതെങ്കിലും മൂലയിൽ നിക്ഷേപിച്ച് അതേപോലെ തിരിച്ച് ഓടിവരുന്നു.

ഫ്ളാഷ്ബാക്ക് കഴിഞ്ഞു.

**സീൻ 17.**

എ.

മാധവി: നല്ല രസായിരുന്നു അല്ലേ ചേച്ചീ?

ശാരദ: (എന്തോ ആലോചിച്ചിട്ടെന്ന പോലെ)  മക്കള്ടെ സ്കൂൾ എന്നാ തൊറക്കണത്?

മാധവി: ആറാന്തി.

ശാരദ: ഇവള്ടെ സ്കൂള് ഒന്നാന്തി തൊറക്കും. ഇനി അഞ്ചെട്ടു ദിവസേള്ളു. മോളെ സന്ധ്യായി, പോയി വെളക്ക് കൊളുത്തു.

സുപ്രിയ: അമ്മേ സമയം ആയിട്ടില്ല. മഴ്യോണ്ട് ഇര്ട്ടായതാ. ഞാൻ ചെറ്യേമ്മടെ അട്ത്ത് നല്ല സുഖത്തില് ഇരിക്ക്യാ.

അവൾ ചെറിയമ്മയോട് കൂടുതൽ ചേർന്നിരിക്കുന്നു.

മാധവി: (അവളെ ചേർത്തു പിടിച്ചുകൊണ്ട്) ചെറ്യേമ്മടെ കുട്ട്യാ അല്ലെ?

ശാരദ: ഓ, കേക്കണ്ട.

ബി.

പുറത്ത് മഴ തകർത്തു പെയ്യുന്നു. മൂന്നുപേരും ഒന്നും സംസാരിക്കാതെ പുറത്തേയ്ക്കു നോക്കിയിരിക്കയാണ്.

മാധവി: (കാര്യമായി സുപ്രിയയോടും എന്നാൽ പൊതുവായി രണ്ടുപേരോടുമായി) എറണാകുളത്തെ മഴ ഒരു പിശുക്കന്റെ ദാനം പോല്യാണ്. ഇതു കണ്ടില്ലെ, ഈ ധാരാളിത്തം ഒരിക്കലും അവ്ടെണ്ടാവാറില്ല.

സുപ്രിയ: പിശുക്കന്റെ ദാനംന്ന് പറഞ്ഞാ എന്താ ചെറ്യമ്മേ?

മാധവി: പിശുക്കന്മാര് ദാനം ചെയ്യോ?

ഇല്ലെന്ന് സുപ്രിയ തലയാട്ടുന്നു.

മാധവി: ഇനി അവര് ദാനം ചെയ്യാണെങ്കിത്തന്നെ എത്ര കൊറച്ചാ കൊട്ക്കാ.

സുപ്രിയ: അത് ശരി. ചെറ്യമ്മയ്ക്ക് എപ്പഴും ഇങ്ങനെ ഓരോന്ന് പറയാൻ കിട്ടും. നല്ല രസണ്ട് അത് കേക്കാൻ.

ശാരദ അനുജത്തിയുടെയും മകളുടെയും സംസാരം ശ്രദ്ധിക്കുന്നില്ല. അവൾ എന്തോ ആലോചിച്ച് ജനലിലൂടെ പുറത്തേയ്ക്കു നോക്കി നിൽക്കുകതന്നെയാണ്. അവസാനം മകൾ എഴുന്നേറ്റു പോയില്ലെന്നു കാണുന്നു.

ശാരദ: മോളെ പോയി വെളക്കു കൊളുത്തു.

സുപ്രിയ വേഗം പിടഞ്ഞെഴുന്നേല്ക്കുന്നു. അവൾക്ക് അമ്മയെ പേടിയുണ്ട്.

**സീൻ 18.**

എ.

സുപ്രിയ കോണിയിറങ്ങിയെന്ന് തിരിഞ്ഞുനോക്കി ഉറപ്പാക്കിയശേഷം ശാരദ പറയുന്നു.

ശാരദ: നീയെന്തിനാ രവിയേട്ടനേം കുട്ട്യോളേം അവിടെ തന്ന്യാക്കീട്ട് ഇങ്ങട്ടു പോന്നത്?

മാധവി: (ആലോചിക്കുന്നു.) എന്തിനാന്നോ?.......... എനിക്ക്യന്നെ അറീല്ല്യ ചേച്ചി. (പെട്ടെന്ന് വിഷയം മാറ്റിക്കൊണ്ട്) നമ്മള് ഇമ്മാതിരി മഴെള്ള ദിവസങ്ങളില് ഈ ജനലിന്റെ അടുത്തിരുന്ന് കൊത്തങ്കല്ലാടീത് ശാരദേച്ചിക്ക് ഓർമ്മണ്ടോ?

ശാരദ: നിക്കറിയാം നീ എന്തിനാ വന്നത്ന്ന്.

മാധവി: ചേച്ചിക്ക് ഓർമ്മണ്ടോ? എന്നിട്ട് വിളക്കു കൊളുത്തണ്ട സമയത്ത് വല്ല്യമ്മ അന്വേഷിച്ചു വന്നപ്പോൾ നമ്മള് കല്ലുകളൊക്കെ ഒളിപ്പിച്ചു വെച്ചത്.

ശാരദ ഒന്നും ശ്രദ്ധിക്കുന്നില്ല. മാധവിയോട് സംസാരിക്കേണ്ടതെന്താണെന്ന് കണക്കുകൂട്ടുകയായിരുന്നു അവർ.

ശാരദ: നിന്റെ അമ്മയ്ക്ക് തൃശൂര് വീടെടുക്കണംന്ന് പറഞ്ഞപ്പൊ പടിഞ്ഞാറ്റിലെ പാടങ്ങൾ വിറ്റിട്ടേ പണംണ്ടാക്കീത്. അന്ന് മുത്തശ്ശി പ്രത്യേകം പറഞ്ഞതാ സുഭദ്രയ്ക്ക്ള്ളത് കൊടുത്തിരിക്കുണു, ഈ വീടും പറമ്പും ഒക്കെ ഭാർഗ്ഗവിക്കാണ്ന്ന്. മുത്തശ്ശി ഒന്നും എഴുതിവെക്കാതെ മരിച്ചുപോയി. പിന്നെ അമ്മയും നേർത്തെ മരിച്ചു. നാൽപത്തിയെട്ടാം വയസ്സിലാ അമ്മ മരിച്ചത്. അച്ഛൻ അതിനുമുമ്പേ മരിച്ചു. ഞാൻ ഒറ്റയ്ക്കായി. പാരമ്പര്യം നോക്കിയാൽ എന്റെ കഥേം എപ്പഴാ കഴിയ്യാന്നറിയില്ല്യ. ന്റെ മോളടെ സ്ഥിതി എന്താവും ആവോ?

മാധവി: ചേച്ചി അങ്ങനെ മരിക്കാനൊന്നും പോണില്ല്യ. ചേച്ചി മുത്തശ്ശിയുടെ മാതിരി വയസ്സായിട്ടേ മരിക്കു.

**സീൻ 19.**

എ.

കോണിപ്പടിയിൽനിന്ന് സുപ്രിയയുടെ ശബ്ദം കേൾക്കുന്നു. 'ദീപം.......ദീപം.....'

മാധവി എഴുന്നേറ്റ് കോണിയുടെ ഭാഗത്തേയ്ക്ക് തിരിഞ്ഞു നിൽക്കുന്നു. കോണിക്കൂട്ടിൽനിന്ന് സുപ്രിയയുടെ മുഖം നിലവിളക്കിന്റെ വെട്ടത്തിൽ പ്രകാശമയമായി ഉയർന്നുവരുന്നു. നിലവിളക്കിന്റെ നാളം വെട്ടുമ്പോൾ കുട്ടിയുടെ മുഖത്തുണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ നന്നായി പകർത്തണം.

സുപ്രിയ: ചെറ്യമ്മേ, ദീപം.

മാധവി: (തൊഴുന്നു.) കണ്ടു മോളെ.

ശാരദ: ഇന്നും രാത്രി കറന്റുണ്ടാവില്ലാന്ന് തോന്നുണു. മോളെ ആ പാനീസും മേശവിളക്കും കത്തിച്ചോളു.

ബി.

സുപ്രിയ വിളക്കുമായി പോകുന്നതോടെ അവിടെ ഇരുട്ടു നിറയുകയാണ്. ജനലിലൂടെയുള്ള ഷോട്ടിൽ കാണുന്ന നേരിയ വെളിച്ചത്തിൽ മഴയുടെ ശക്തി കുറഞ്ഞെന്ന് മനസ്സിലാവും.

മാധവി: രാമേട്ടൻ എപ്പഴാ വര്വാ?

ശാരദ: രാമേട്ടൻ അമ്പലത്തിലെ കാര്യങ്ങളും നാട്ടുകാര്യങ്ങളും ഒക്കെ നോക്കി വരുമ്പോ എട്ടു മണ്യാവും.

മാധവി: ചേച്ചീ നമുക്ക് താഴത്തു പോവാം. അവിടെ പാറുട്ടിയും മോളും മാത്രല്ലെള്ളു.'

അവർ കോണിയിറങ്ങുന്നു. ഇറങ്ങുന്നതോടുകൂടി താഴെനിന്ന് സുപ്രിയ നാമം ചെല്ലുന്നതു കേൾക്കാം.

'നമഃശിവായ

നാരായണായ നമഃ

അച്ചുതായ നമഃ' (ഇതല്ലെങ്കിൽ ഏതെങ്കിലും സ്വരമാധുര്യമുള്ള കീർത്തനങ്ങളായാൽ മതി.)



**സീൻ 20.**

എ.
നാമമുറി. ഒരു ചെറിയ പീഠത്തിൽ ശ്രീകൃഷ്ണന്റെ നീലനിറമുള്ള വിഗ്രഹത്തിൽ പുതിയ പിച്ചകമാല അണിയിച്ചിരിക്കുന്നു. പിന്നിൽ ചുവരിൽ നിറയെ ഭഗവാന്മാരുടെയും ഭഗവതികളുടെയും ചിത്രങ്ങൾ. ശ്രീകൃഷ്ണന്റെ പ്രതിമയ്ക്കു മുമ്പിൽ ഒരു കുറ്റിയിൽ രണ്ടു ചന്ദനത്തിരി പുകയുന്നു. മുമ്പിൽ സുപ്രിയ ചമ്രം പടിഞ്ഞിരുന്ന് കീർത്തനം ചൊല്ലുന്നു.

ബി.
മാധവി ഒരു നിമിഷം വാതിൽക്കൽ നിന്ന് അതു നോക്കിയശേഷം അവളുടെ അടുത്തു ചെന്നിരിയ്ക്കുന്നു. സുപ്രിയ ചെറിയമ്മയെ നോക്കി പുഞ്ചിരിക്കുന്നു, കീർത്തനം നിർത്തുന്നില്ല.
മാധവി കുറെനേരം കണ്ണടച്ചിരിക്കുന്നു. അവൾ കുട്ടിക്കാലത്ത് മുത്തശ്ശി ജീവിച്ചിരുന്ന കാലത്തേക്ക് ഊളിയിടുകയാണ്.

**സീൻ 21.**

ഫ്ളാഷ്ബാക്ക് തുടങ്ങുന്നു.
കുട്ടികളായ മാധവിയും ശാരദയും കൂടിയിരുന്ന് നാമം ചൊല്ലിയിരുന്നത്. അവരുടെ വശത്തായി, എന്നാൽ അവരെ നോക്കിക്കൊണ്ട് മുത്തശ്ശിയും ഉണ്ട്. അവരുടെ ചുണ്ടുകൾ ചലിക്കുന്നുണ്ട്, പക്ഷെ അവർ നിശ്ശബ്ദം

കീർത്തനം ചൊല്ലുകയാണ്. ചുവരിലെ കുട്ടികളുടെ നിഴലുകൾ വലുതായി നിലവിളക്കിന്റെ നാളം ഇളകുന്നതിനോടൊപ്പം നൃത്തം വെയ്ക്കുന്നത്, ചന്ദനത്തിരിയുടെ പുക പല രൂപങ്ങളായി മാറുന്നത്........

ഫ്‌ളാഷ്ബാക്ക് അവസാനിച്ചു.

**സീൻ 22.**

ഊൺമേശ. നടുവിൽ ഒരു മേശവിളക്ക് കൊളുത്തിവച്ചിട്ടുണ്ട്. മേശയ്ക്കു ചുറ്റും രാമേട്ടനും സുപ്രിയയും മറുഭാഗത്തായി മാധവിയും ഇരിയ്ക്കുന്നു. ശാരദ വിളമ്പിക്കൊണ്ട് നിൽക്കുന്നു.

മാധവി: ചേച്ചി ഒന്ന് വന്നിരിയ്ക്കു. ഞങ്ങക്ക് വേണ്ടതൊക്കെ ഞങ്ങളന്നെ എടുത്തോളാം.

രാമേട്ടൻ: അതൊന്നും പറഞ്ഞിട്ട് കാര്യല്ല്യ ന്റെ കുട്ട്യേ. ചേച്ചിയ്ക്ക് സ്വന്തം കയ്യോണ്ട് വിളമ്പിത്തന്നാലേ തൃപ്ത്യാവു. ഞാനെത്ര പറഞ്ഞതാ. കേക്കണ്ടെ?

ശാരദ: ദാ കഴിഞ്ഞു. ആദ്യത്തെ പന്തി അങ്ങട്ട് വെളമ്പീട്ട് ഇരിക്ക്യാംന്ന് വെച്ചിട്ടാ.

ശാരദ ഇരിയ്ക്കുന്നു.

മാധവി: ഈ മത്തി വെച്ചത് നന്നായിട്ടണ്ട്. വറുത്തതും. പഴേ സ്വാദ് ഓർമ്മ വര്വാ. വല്യമ്മ നന്നായി മീൻകൂട്ടാന്ണ്ടാക്ക്വായിരുന്നു.

രാമേട്ടൻ: അത് ശര്യാ. എന്റെ അമ്മായിയമ്മേടെ മീൻ കറി ഒന്ന് സ്പെഷലന്യാന്നാ കേട്ടിട്ട്ള്ളത്. എനിയ്ക്കനുഭവിയ്ക്കാൻ ഭാഗ്യണ്ടായിട്ടില്ല. അത് നോക്കുമ്പ ഇവളടെ ഒന്നുംല്യാന്നാ പറേണത്..

ശാരദ: എന്താ കാര്യം, നേരത്തെ പോയില്ലേ്യ?

എല്ലാവരും നിശ്ശബ്ദമാകുന്നു.

ഫെയ്ഡൗട്ട്.

**സീൻ 23.**

ഊണു കഴിഞ്ഞ് എല്ലാവരും ഉമ്മറത്ത് കൂടിയിരിയ്ക്കയാണ്. ഊണുമുറിയിലുപയോഗിച്ച മേശവിളക്ക് മേശമേൽ വച്ചിട്ടുണ്ട്. സുപ്രിയ മാധവിയെ തൊട്ടുരുമ്മി ഇരുത്തിമേലാണ് ഇരിക്കുന്നത്.

രാമേട്ടൻ: (മാധവിയോട്) എന്തിനാ നീ നാളെത്തന്നെ പോണത്?

മാധവി: പാവംല്യേ രാമേട്ടാ, രവ്യേട്ടൻ ഒറ്റയ്ക്കിര്ന്ന് ജോലിട്ക്ക്ണ്ണ്ടാവും. കുട്ടികൾക്കാണെങ്കില് ഓരോ ദിവസും പ്രത്യേകം എന്തെങ്കിലും വേണം രാത്രി. അല്ലെങ്കിൽ ചോറ് എറങ്ങില്ല. കാടൻപൂച്ചകള്.

സുപ്രിയ ഉറക്കെ ചിരിക്കുന്നു.

മാധവി (പുറത്തേയ്ക്കു നോക്കിക്കൊണ്ട്) ഇവിടെ പുറത്തൊക്കെ എന്തിര്ട്ടാ. എറണാകുളത്ത് ഇരുട്ട് ന്ള്ള ഒരു സാധനേ ഇല്യ. ചെലപ്പൊ നമ്മക്ക് തോന്നില്ല്യേ ഒന്ന് ഒറ്റയ്ക്ക് ഇരുട്ടത്തിരിക്കണംന്ന്. കറന്റ് പോയാൽ ഉടനെ വരും ജനറേറ്റർ. ഇവിടെ നോക്കു രാത്രി ജനലീക്കൂടി നോക്ക്യാൽ മിന്നാമിനുങ്ങിനെ കാണാം..........

ശാരദ: നെന്റെ ഓരോ പ്രാന്തുകള്. പണ്ടേ ണ്ട് ഇങ്ങനത്തെ ഓരോ പ്രാന്തു പറച്ചില്. എനിക്ക് ഒറക്കം വരുണു. അടുക്കളേല് ഒന്ന് ഒതുക്കാൻ പാറുകുട്ട്യെ ഏല്പിച്ചിട്ടാ ഞാൻ വന്നിരിക്കണത്. പാവം ഈ നേരായാൽ വയ്യാതാവ്ണ്ണ്ട്. ഞാൻ പോയി സഹായിക്കട്ടെ.

രാമേട്ടൻ: ഞാൻ താഴത്ത് തെക്കേ അറേലാണ് കെടക്കണത്. അതൊന്ന് വിരിച്ചിട്ട് പൊയ്ക്കോളു.

മാധവി: എന്തിനാത്, രാമേട്ടൻ കട്ടിലിമ്മേല് കെടന്നോളു. ഞങ്ങള് മൂന്നു പേരും നെലത്ത് വിരിച്ചിട്ട് കെടക്കാം.

രാമേട്ടൻ: വേണ്ട വേണ്ട, ചേച്ചീം അനിയത്തീംകൂടി ചെവി കടിച്ചുതിന്നണ ശബ്ദം കേട്ടാൽ എന്റെ ഒറക്കം അവതാളത്തിലാവും. ഞാൻ സുഖായിട്ട് താഴത്ത് തെക്കെ അറയില് കിടക്കാം.

മാധവി: (സുപ്രിയയോട്) മോളെ നാളെ നേർത്തെ എഴുന്നേൽക്കണം. നമ്മക്ക് അമ്പലത്തീ പോണ്ടെ?

സുപ്രിയ: (സന്തോഷത്തോടെ) ഞാൻ എണീക്കാം. എത്ര ദിവസായി അമ്പലത്തീ പോയിട്ട്. ഈ അമ്മ വിളിച്ചാലും വരില്ല.

ശാരദ എഴുന്നേൽക്കുന്നു.

ഫേയ്ഡൗട്ട്.

**സീൻ 24.**

എ.

മുകളിലെ കിടപ്പറ. ഒരു പാനീസ് (റാന്തൽ) ഒരു ചെറിയ മേശപ്പുറത്ത് വെച്ചിട്ടുണ്ട്. കട്ടിലിന്മേൽ സുപ്രിയ കിടന്നുറങ്ങുന്നു. ശാരദ നിലത്ത് കിടയ്ക്ക നിവർത്തി വിരിയ്ക്കയാണ്.

ബി.

മാധവി ജനലിലൂടെ പുറത്തേയ്ക്ക് നോക്കുന്നു. ഇരുട്ട് മാത്രം. ഇടയ്ക്ക് കാണുന്ന മിന്നാമിനുങ്ങുകൾ. തിരിഞ്ഞ്

ചേച്ചിയോട് പറയുന്നു.
മാധവി: ചേച്ചീ, ഇപ്പൊ നല്ലാരു മഴ പെയ്താൽ ഉറങ്ങാനെന്തു സുഖായിരിക്കും.
ശാരദ: ചെലപ്പൊ പെയ്തൂന്ന് വരും.
ശാരദ വിരിച്ചു കഴിഞ്ഞിരുന്നു.
ശാരദ: വരു നമ്ക്ക് കെടക്കാൻ നോക്കാ. നാളെ അമ്പലത്തീ പോണ്ണ്ടോ?
മാധവി: പോണം ചേച്ചി. ഒന്നോ രണ്ടോ ദിവസം ഇവിടെ വരുമ്പോ എല്ലാം കൂടി വാരയെടുക്കാൻ തോന്വാ. ചേച്ചി ഭാഗ്യം ചെയ്തവളാ. കുട്ടിക്കാലം തൊട്ടേ പരിചയള്ള വീട്, പറമ്പ്, സ്ഥലങ്ങള്. ഇവിടെ താമസിക്ക്യാന്ന് പറയണതന്നെ ഭാഗ്യാ.
ശാരദ: (വ്യംഗ്യാർത്ഥത്തിൽ) അത്യതെ, ഭാഗ്യം തന്നെ. ഭാഗ്യം കൂടീട്ട്ള്ള കൊഴപ്പേള്ളു എനിയ്ക്ക്.
ശാരദ കിടക്കുന്നു. മാധവി അവസാനമായി ജനലിലൂടെ നോക്കിയ ശേഷം വന്ന് ചേച്ചിയുടെ ഒപ്പം കിടക്കുന്നു.

സി.
ശാരദ: ഓ, പാനീസിന്റെ തിരി താഴ്ത്താൻ മറന്നു. (എഴുന്നേൽക്കാൻ നോക്കുന്നു.)
മാധവി: സാരല്യ ചേച്ചി, നമ്ക്ക് ഒറക്കം വരുമ്പൊ ചെയ്താൽ പോരെ. എനിയ്ക്ക് സംസാരിക്കുമ്പൊ ചേച്ചിടെ മുഖം കാണണം. അല്ലെങ്കില് വേറെ ഏതോ ലോകത്തീന്ന് സംസാരിക്കണപോലെ തോന്നും.
ശാരദ കിടക്കുന്നു. അവർ അന്യോന്യം അഭിമുഖമായാണ് കിടക്കുന്നത്.
ശാരദ: രാമേട്ടൻ പറയണത് നിങ്ങടെ തൃശൂരുള്ള വീടും അഞ്ച് സെന്റ് പറമ്പുംകൂടി ചുരുങ്ങിയത് പത്തു ലക്ഷം ഉറുപ്പികയെങ്കിലും വരുംന്നാ.
മാധവി: (ചേച്ചി പറയുന്നത് ശ്രദ്ധിക്കാതെ) ശാരദേച്ചീ, മുത്തശ്ശി നമുക്ക് ശ്രീപാർവ്വതിടെ പാദം കാണിച്ചുതന്നതോർമ്മണ്ടൊ?
ശാരദ: ഉം...ഉം... പിന്നെ ഇവിടെ ഈ പറമ്പും വീടും ഒക്കെ കൂടിയാൽ രണ്ടു ലക്ഷം കിട്ടുംന്ന് തോന്ന്ണില്ല.
മാധവി: (ചേച്ചി സംസാരിക്കുന്നത് കാര്യമാക്കാതെ) തുമ്പപ്പൂ കമഴ്ത്തിവെച്ച് കാണിച്ചുതന്നത് ഓർമ്മല്ല്യെ? നമ്മള് ഓണത്തിന് പൂവിടുമ്പോൾ നടുവില് വെക്കാറ്ണ്ട്.
ശാരദ: നീ എന്തൊക്ക്യാണ് പറേണത്?............ പിന്നെ നെന്നെ കോൺവെന്റില് ചേർത്ത് പഠിപ്പിക്കാനും നല്ലോണം കാശായിട്ടുണ്ട്. അതൊക്കെ തറവാട്ടില് നെല്ല് വിറ്റതിന്റെ പണായിരുന്നു. ഞാൻ പിന്നെ പത്തില് തോറ്റപ്പോ പഠിത്തം നിർത്തി. കല്യാണോം ഉണ്ടാവില്ല്യാന്നു കരുതീതാ. എങ്ങിന്യോ ഇരുപത്തെട്ടാം വയസ്സില് അതും കഴിഞ്ഞു.
മാധവി: പഠിത്തം നിർത്തിയത് ചേച്ചിയുടെ ഭാഗ്യം. ഞാൻ ടീച്ചർമാര്ടെ ശിക്ഷയും സഹിച്ചാണ് ഡിഗ്രിയെടുത്തത്, എന്നിട്ട് എന്തു കാര്യണ്ടായി?
ശാരദ: ഞാൻ കാര്യം പറയുമ്പോൾ നെനക്ക് കളിയാണ്. ഞാൻ ഇതൊക്കെ പറഞ്ഞപ്പൊ രാമേട്ടൻ പറയ്യാണ്, ഞാനിതിലൊന്നും എടപെടില്ല്യാന്ന്. ഞാൻ പിന്നെ ആരോടാ പറേണ്ടത്. (ശബ്ദം ഇടറുന്നു.)
മാധവി ചേച്ചിയുടെ അരക്കെട്ടുലൂടെ കൈയ്യിട്ട് ആശ്വസിപ്പിക്കുന്നു.
മാധവി: ശാരദേച്ചി ഒരു മണ്ടിയാണ്. എനിക്കെന്തിനാ ചേച്ചി ഇനിയൊരു വീട്? തൃശൂരിലെ വീട് എനിക്കാണ്. പിന്നെ എനിക്ക് രണ്ട് ആൺമക്കളല്ലെ? കൂടുതൽ വീടുകൾ വേണങ്കിലവരുണ്ടാക്കിക്കോട്ടെ. ഈ വീടും പറമ്പും നെലോം ഒക്കെ ശാരദേച്ചീടെ തന്ന്യാണ്. അതെല്ലാം സുപ്രിയയ്ക്ക്ള്ളതാണ്. സുപ്രിയ എന്റെ മോള് തന്ന്യല്ല്യെ?
ശാരദ ഒന്നും പറയാതെ മാധവിയെ നോക്കിക്കിടക്കുകയാണ്. അതിനിടയ്ക്ക് കടക്കൺകോണിലുരുണ്ട ഒരു തുള്ളി കണ്ണീർ കൈകൊണ്ട് തുടക്കുന്നു.
മാധവി: മോളെപ്പറ്റി പറഞ്ഞപ്പഴാണ്, നാളെ ഞാനവളെ എറണാകുളത്ത് കൊണ്ടുപോവ്വാണ്. സ്ക്കൂൾ തൊറക്കണേന്റെ മുമ്പെ രവിയേട്ടൻ കൊണ്ടുവന്നാക്കും.
ശാരദ: എന്നാപ്പിന്നെ അതങ്ങട് എഴുതി രജിസ്റ്റർ ചെയ്താൽ എന്താ തരക്കേട്?
ശാരദ കണ്ണീരൊപ്പുകയാണ്. ഒരു തേങ്ങൽ.
മാധവി: (ശാരദേച്ചിയെ തന്നിലേയ്ക്കടുപ്പിയ്ക്കുന്നു.) ശാരദേച്ചി കരയണ്ട. ഞാൻ നാളെ പോണ വഴിക്ക് തൃശ്ശൂരിലിറങ്ങി അമ്മേം അച്ഛനേം കാണാം. അച്ഛനോട് കഴിയണ വേഗത്തില് ഇതെല്ലാം ചേച്ചീടെ പേരില് ആക്കാൻ പറയാം.
ശാരദ: നീ ഒന്നും പറയാൻ പോണ്ട. അച്ഛൻ മരിച്ചേനുശേഷം ചെറിയച്ഛനാ എന്റെ കാര്യങ്ങളൊക്കെ നോക്കീട്ട്ള്ളത്. നന്ദികേട് എന്നു വിചാരിക്കും.
മാധവി: ഇല്ല, ചേച്ചി പറഞ്ഞതായി പറയിണില്ല്യ പോരെ? ഞാൻ എന്റെ ഇഷ്ടത്തിന് പറയ്യാണ്ന്ന് പറയാം. ഇതൊക്കെ മുമ്പെത്തന്നെ ശരിയാക്കായിരുന്നു. (ശാരദയോടെന്നില്ലാതെ സ്വയം പറയുകയാണ്.) ശരിക്കു പറഞ്ഞാൽ അതന്യാണ് ഏറ്റവും നല്ലത്. ഇനി വരാൻ പോണ തലമുറ എങ്ങിന്യാവും ന്നൊന്നും പറയാൻ വയ്യ. അപ്പോൾ സ്നേഹത്തിലിരിക്കുന്നവര് ജീവിച്ചിരിക്കുമ്പത്തന്നെ കാര്യങ്ങളെല്ലാം തീർത്തുവെക്ക്യാന്നാണ് നല്ലത്. പക്ഷെ, അങ്ങിനെ ചെയ്താൽ പിന്നെ ഒന്നും പഴേ മട്ടിലാവില്ല്യാന്ന് തോന്വാ. ഈ വീടും പറമ്പും, അതില് ജീവിച്ചു മരിച്ചോരും ഇപ്പ ജീവിച്ചിരിക്കണോരും എല്ലാം എന്റെ രക്തത്തില്ണ്ട്. എന്നെ സ്നേഹം എന്താന്ന് പഠിപ്പിച്ചത് ഇവരൊക്ക്യാണ്. പ്രത്യേകിച്ച് മുത്തശ്ശി. ..............



ഇതു കഴിഞ്ഞാപ്പിന്നെ അതൊക്കെ എനിക്കു തീരെ നഷ്ടപ്പെടുംന്ന തോന്നല്. ................. അല്ലെങ്കിൽ ശാര ദേച്ചിക്കതൊന്നും മനസ്സിലാവില്ല.

ഡി.

മാധവിയുടെ സംസാരത്തിനിടയിൽ ശാരദ ഉറക്കമായിരുന്നു. മാധവി ചേച്ചിയുടെ കൈ പതുക്കെ തന്റെ അര ക്കെട്ടിൽനിന്ന് മാറ്റി എഴുന്നേറ്റ് മേശമേലുള്ള പാനീസിന്റെ തിരി താഴ്ത്തുന്നു. അവൾ ജനലിനരികിലേയ്ക്കു നടക്കുന്നു. ഒരു മിന്നലിന്റെ ശോഭയിൽ മാധവിയുടെ മുഖത്തിന്റെ വശം കാണുന്നു. കവിളിൽക്കൂടി കണ്ണീ രൊഴുകുകയാണ്.

**സീൻ 25.**

എ.

പ്രഭാതം. കിളികളുടെ ശബ്ദം, ദൂരെനിന്ന് ഒരു ഇടയ്ക്കയുടെ ശബ്ദം നേരിയതായി കേൾക്കാം. മാധവി ഉണ രുന്നു. ചുറ്റും നോക്കുമ്പോൾ ഒപ്പം കിടന്നിരുന്ന ശാരദേച്ചിയും കട്ടിലിൽ കിടന്നിരുന്ന സുപ്രിയയും എഴു ന്നേറ്റു പോയിരിക്കുന്നു. അവൾ എഴുന്നേറ്റിരുന്ന് തലമുടി കെട്ടുകയാണ്. എഴുന്നേറ്റ് ജനലിനരികെ വന്ന് നിൽക്കുന്നു. പുറത്ത് മഴയില്ല. ആകെ ഒരു പ്രശാന്തത. മരങ്ങൾ ഈറനണിഞ്ഞു നിൽക്കുന്നു. കിളികളുടെ ശബ്ദം ഒരു സദിരുപോലെ കേൾക്കുന്നു. മാധവി അതു ശ്രദ്ധിക്കുന്നു, മുഖത്ത് മന്ദഹാസം. അവൾ പോകാ നായി തിരിയുന്നു.

**സീൻ 26.**

ഇടനാഴിയിൽ കോണിയ്ക്കു താഴെ. കോണിയിറങ്ങിവരുന്ന മാധവി. ഇടനാഴിയിൽ അധികം വെളിച്ചമില്ല. പൂജാ മുറിയുടെ മുമ്പിൽ അവൾ നിന്ന് തൊഴുന്നു. പതുക്കെ വിളിക്കുന്നു: മുത്തശ്ശീ.........

**സീൻ 27.**

എ.

തളത്തിലെത്തിയപ്പോൾ സുപ്രിയ എതിരെ വരുന്നു. അവളുടെ കുളി കഴിഞ്ഞിരുന്നു. ഒരു പട്ടുടുപ്പ് ഇട്ടിട്ടുണ്ട്.

മാധവി: അപ്പൊ അമ്മ പറഞ്ഞു അല്ലെ?

സുപ്രിയ: (സന്തോഷത്തോടെ) എനിക്ക് മനസ്സിലായി ചെറ്യമ്മ പറഞ്ഞ് സമ്മതിപ്പിച്ചതാന്ന്. എപ്പഴാ പോണത്?
മാധവി: ചായ കുടിച്ച് അമ്പലത്തിൽ പോയിവന്നിട്ട് ഉടനെ പോവാം.
സുപ്രിയ: ചെറ്യമ്മ വേഗം കുളിച്ച് റെഡിയാവു.
മാധവി: മോളെ ചെറിയമ്മ പൊറപ്പെടീച്ചുതരാം. ചായകുടി കഴിയട്ടെ.

**സീൻ 28.**

എ.
ഊൺമുറിയിൽ മേശപ്പുറത്തിരുന്ന് ചായ കുടിയ്ക്കുന്ന മാധവി. ശാരദ മേശയുടെ മറുപുറത്തിരിയ്ക്കുന്നുണ്ട്.
മാധവി: ഇന്നെന്താ രാവിലെ കഴിക്കാൻ ചേച്ചീ?
ശാരദ: ഇഡ്ഡലിണ്ട്. ദോശ വേണങ്കീ ണ്ടാക്കാം.
പാറുകുട്ടി ഒരു ചെമ്പിൽ ഇഡ്ഡലി കൊണ്ടുവന്ന് മേശപ്പുറത്ത് വെച്ച് മാധവിയെ നോക്കി ചിരിക്കുന്നു.
മാധവി: ഞാനിന്നലെ ഒരു കാര്യം പറയാൻ വിട്ടുപോയി.
ശാരദ: എന്താത്?
മാധവി: എനിയ്ക്ക് രാവിലെ പൊടിയരിക്കഞ്ഞിയും ചമ്മന്തിയും വേണംന്ന്.
ശാരദ: ഓ! രാവിലെ കഴിക്കാൻ കണ്ട ഒരു സാധനം.
പാറുകുട്ടി: ആ കുട്ടിയ്ക്ക് പണ്ടേ ഇഷ്ടം കഞ്ഞ്യാ.
മാധവി: ചേച്ചിക്ക് ഓർമ്മണ്ടോ. നമ്മള് രാവിലെ നിലത്തിരുന്നോണ്ട് പൊടിയരിക്കഞ്ഞി കുടിച്ചിരുന്നത്. പ്ലാവില കോട്ടി കോരികയാക്കിയിട്ട്. അന്ന് ഈ മേശയൊന്നുണ്ടായിരുന്നില്ല്യ. ചേച്ചിയ്ക്ക് അന്നും ഇഷ്ടല്ല കഞ്ഞി. ആദ്യം വെള്ളം കുടിച്ച് വറ്റിക്കും. എന്നിട്ട് ചമ്മന്തികൂട്ടി ചോറാക്കി ഉണ്ണും.
പാറുകുട്ടി ചിരിക്കുന്നു.





ബി.

രാമേട്ടൻ സാമാന്യം വലിയൊരു സഞ്ചിയുമായി വരുന്നു. അതിൽ പല സാധനങ്ങളും നിറച്ചിട്ടുണ്ട്.

ശാരദ: ഒരു ഇരുപത് തേങ്ങ പൊളിച്ച് കെട്ടിവെച്ചിട്ടുണ്ട്. പിന്നെ രണ്ട് കടച്ചക്കണ്ട്. കുറച്ച് മുരിങ്ങക്കായ, നാലഞ്ച് വണ്ണൻകായ, ഒരു കുപ്പി കടുമാങ്ങ, രവിയേട്ടനും കുട്ട്യോൾക്കും നല്ല ഇഷ്ടാണ്.

മാധവി: രാവിലെ ഭാര്യയും ഭർത്താവും കൂടി കെട്ട് നിറയ്ക്കലായിരുന്നു അല്ലെ. എന്നെക്കൊണ്ട് വയ്യ ഇതൊക്കെ ഏറ്റി നടക്കാൻ.

രാമേട്ടൻ: തൃശൂര് വരെ ഞാനിതൊക്കെ എത്തിച്ചുതരാം.

ശാരദ: ഒരു കുപ്പി പശും നെയ്യ് ഇരിക്കണ്ണ്ട്. അതും എടുത്തു വെക്കട്ടെ.

മാധവി: പശൂം നെയ്യൊന്നും വേണ്ട. അവിടെ രവിയേട്ടന് അല്ലെങ്കിലേ പ്രഷറൊക്കെണ്ട്. കൊണ്ടോയാൽ ഒക്കെ വാരിത്തിന്നും ചെയ്യും.

**സീൻ 29.**

എ.

മാധവി കുളിച്ച് സാരി മാറ്റി, പോവാനുള്ള വേഷത്തിലാണ്. സുപ്രിയ ഒരു സ്റ്റൂളിലിരിക്കുന്നു. മാധവി അവളെ അണിയിച്ചൊരുക്കുകയാണ്. തലമുടി രണ്ടു ഭാഗത്തായി പിന്നി ചുവന്ന റിബ്ബൺ കെട്ടിക്കൊടുത്തു. മുഖത്ത് പൗഡറിട്ട് കണ്ണെഴുതി ഒരു കുഞ്ഞിപ്പൊട്ടും വെച്ചു കൊടുക്കുന്നു.

രാമേട്ടൻ ഉമ്മറത്തുനിന്ന് വരുന്നു. പെട്ടെന്ന് നിന്ന് മോളെ നോക്കുന്നു.

രാമേട്ടൻ: ന്റെ മോള് ഒരു രാജകുമാരിയായിട്ടുണ്ടല്ലോ.

മാധവി നിലത്തിരുന്ന് സുപ്രിയയുടെ കാലിൽ പാദസരം കെട്ടിക്കൊടുക്കുകയാണ്. വെള്ളിപാദസരം മതി, സ്വർണ്ണം വേണ്ട. പാദസരം ഇട്ടശേഷം മാധവി അവളുടെ കൊച്ചു പാദങ്ങൾ കൈകൊണ്ട് ഉഴിയുന്നു.

മാധവി: നീ ശ്രീ പാർവ്വതിടെ പാദം കണ്ടിട്ട്ണ്ടോ?

സുപ്രിയ: തുമ്പപ്പൂവല്ലെ?

മാധവി: അല്ല. (വീണ്ടും സുപ്രിയയുടെ പാദങ്ങൾ ഉഴിഞ്ഞുകൊണ്ട്) ഇതാണ് ശ്രീപാർവ്വതിയുടെ പാദങ്ങൾ. (അവൾ കുനിഞ്ഞ് ആ പാദങ്ങളിൽ ഉമ്മവെയ്ക്കുന്നു. സുപ്രിയയുടെ തുടുത്ത മുഖം.)



## ശ്രീപാർവ്വതിയുടെ പാദം



*ചിത്രങ്ങൾ – കടപ്പാട്: ദൂരദർശൻ, തിരുവനന്തപുരം.*